


# അദ്ധ്യായം II

# ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം

# 2 ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം

## എ) ആസൂത്രണവും അക്കാദമിക് പ്രവർത്തനങ്ങളും

അക്കാദമിക് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി ഒരു സർവകലാശാലയ്ക്ക് അതിന്റെ സാമ്പത്തിക, മാനവ വിഭവശേഷി കൈകാര്യം ചെയ്യുന്നതിന് ആസൂത്രണം അത്യന്താപേക്ഷിതമാണ്.

### 2.1. അംഗീകൃത മാസ്റ്റർ പ്ലാനിന്റെ അഭാവം

നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) ഗുണനിലവാര സൂചിക ചട്ടക്കൂടിലെ ഒരു പ്രധാന സൂചകമായ ഇൻസ്റ്റിറ്റ്യൂഷണൽ മാസ്റ്റർ പ്ലാനിന്റെ ലഭ്യത, സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളിലേയ്ക്ക് പുരോഗമിക്കാനുതകും വിധമുള്ള ഒരു പ്രത്യേക, ഇടത്തരം അല്ലെങ്കിൽ ദീർഘകാല പ്രവർത്തനാധിഷ്ഠിത പദ്ധതിയായി നിർവചിക്കപ്പെടുന്നു. എന്നാൽ, സർവകലാശാലയ്ക്ക് ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ ഇല്ലെന്ന് കണ്ടെത്തി.

സർവകലാശാലയുടെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യൂ.എ.സി) ഒരു മാസ്റ്റർ പ്ലാനിലൂടെ എട്ട് ഫോക്കൽ ഏരിയകൾക്ക്[3] കീഴിൽ 350 പോയിന്റുകൾ മെച്ചപ്പെടുത്തുന്നതിനായി കണ്ടെത്തി (2015). ഇവയെ ഹ്രസ്വം, ഇടത്തരം, ദീർഘകാലം എന്നീ പ്ലാൻ ശീർഷകങ്ങളിൽ തരംതിരിച്ചു. മാസ്റ്റർ പ്ലാനിന് സിൻഡിക്കേറ്റിന്റെയോ സെനറ്റിന്റെയോ അംഗീകാരം ലഭിച്ചതായി കണ്ടില്ല. പദ്ധതിയ്ക്ക് കീഴിലുള്ള പുരോഗതിയുടെ രേഖാമൂലമുള്ള അവലോകനം ചില ഇനങ്ങളിൽ മാത്രമായി പരിമിതപ്പെട്ടിരുന്നു.

"വിഷൻ, ഫ്രെയിംവർക്ക്, ബെഞ്ച്മാർക്കിംഗ്" (ഉപശീർഷകം – വിഷൻ, മിഷൻ, നയങ്ങൾ, ചാർട്ടറുകൾ) എന്ന പ്രധാന മേഖലയ്ക്ക് കീഴിൽ, ഗുണനിലവാര നയം, വിപുലീകരണ നയം, ലൈബ്രറി നയം, നവീകരണ നയം, സൈബർ നയം, അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നയം, 60 + നയം, ലിംഗഭേദ നയം എന്നിവ 2015–ൽ രൂപീകരിച്ച മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ചിരുന്നെങ്കിലും, ഇന്നുവരെ (2021 ഒക്ടോബർ) അത്തരം നയങ്ങളൊന്നും രൂപപ്പെടുത്തുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

സർവകലാശാലയ്ക്ക് ഹ്രസ്വകാല പദ്ധതികളായി അക്കാദമിക് കലണ്ടറുകളും വാർഷിക പദ്ധതി നിർദ്ദേശങ്ങളും ഉണ്ട്. എന്നാൽ മാസ്റ്റർ പ്ലാനിലെ ഹ്രസ്വകാല പദ്ധതി വിഭാഗത്തിന് കീഴിൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങളുമായി ഇവ ബന്ധപ്പെടുത്താൻ കഴിയില്ല, കാരണം ഇവ ആനുകാലിക

[3] 1) വിഷൻ, ഫ്രെയിംവർക്ക്, ബെഞ്ച്മാർക്കിംഗ് 2) ഗവേഷണവും നവീകരണവും 3) പരിശീലനം, പഠനം, മൂല്യനിർണ്ണയം 4) സ്കൂളുകൾ, വിഭാഗങ്ങൾ, കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ 5) വിദ്യാർത്ഥി പുരോഗമനം 6) ഭരണം 7) വിപുലീകരണം 8) മറ്റുള്ളവ

അടിസ്ഥാനത്തിൽ അവലോകനം ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടില്ല.

ഓരോ സ്ഥാപനവും പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ മുതൽ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഗുണനിലവാരം വരെയുള്ള അക്കാദമിക് പദ്ധതികൾ – അതിന്റെ വിപുലമായ സ്ഥാപന വികസന പദ്ധതിയിലേയ്ക്ക് സമന്വയിപ്പിക്കുമെന്ന് ദേശീയ വിദ്യാഭ്യാസ നയം 2020 വിഭാവനം ചെയ്യുന്നു. കേരള സർവകലാശാല ഇതുവരെ ഇത്തരമൊരു സമഗ്രവും സംയോജിതവുമായ സ്ഥാപന വികസന പദ്ധതി ഉണ്ടാക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ പുരോഗതി നിരീക്ഷിക്കുകയോ ചെയ്തിട്ടില്ല.

ചില ഇനങ്ങൾക്കായി രേഖാമൂലമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തതായി ഐ.ക്യു.എ.സി ഡയറക്ടർ ഓഡിറ്റിനെ അറിയിച്ചു (2021 ഒക്ടോബർ). സർവകലാശാല നടത്തുന്ന അത്തരം പ്രവർത്തനങ്ങളുടെ പട്ടിക **അനുബന്ധം 2.1**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാന പ്ലാൻ ഗ്രാന്റിനു കീഴിൽ അനുവദിച്ച സംരംഭങ്ങൾ/പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർവകലാശാല സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ച പഞ്ചവത്സര പദ്ധതി രേഖയും ഓരോ സാമ്പത്തിക വർഷത്തിനായും സമർപ്പിച്ച വാർഷിക പദ്ധതി രേഖയും സർവകലാശാലയുടെ മാസ്റ്റർ പ്ലാൻ ആയി വർത്തിക്കുന്നതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). 2020–21 കാലയളവിൽ സി.ഇ.റ്റിയുടെ[4] ആർക്കിടെക്ചറൽ വിഭാഗത്തിന്റെ പിന്തുണയോടെ പാളയം കാമ്പസിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. കാര്യവട്ടം കാമ്പസിനായും സമാനമായ പദ്ധതി തയ്യാറാക്കൽ പുരോഗമിക്കുകയായിരുന്നു.

സമയബന്ധിതമായി നടപ്പിലാക്കപ്പെടേണ്ട സർവകലാശാലയുടെ ലക്ഷ്യങ്ങളും മുൻഗണനകളും തിരിച്ചറിയുന്നതിനുപകരം നിരവധി വ്യക്തിഗത നിർദ്ദേശങ്ങളുടെ ശേഖരണം മാത്രമാണ് മാസ്റ്റർ പ്ലാൻ എന്ന ഓഡിറ്റ് കണ്ടെത്തലിനെപ്പറ്റി സർക്കാരിന്റെ മറുപടിയിൽ പരാമർശിക്കുന്നില്ല. സർവകലാശാലയ്ക്ക് മൊത്തമായൊരു മാസ്റ്റർ പ്ലാൻ ഉണ്ടായിരുന്നെങ്കിൽ, അടിസ്ഥാന സൗകര്യങ്ങൾ, സോഫ്റ്റ്വെയർ എന്നിവയുടെ വ്യവസ്ഥാപിതവും സമയബന്ധിതവുമായ വികസനം, സമയബന്ധിതമായ സിലബസ് പരിഷ്കരണം എന്നിവയ്ക്ക് ഉപയോഗപ്രദമാകുമായിരുന്നു; ഈ റിപ്പോർട്ടിന്റെ ഖണ്ഡികകൾ 2.3, 5.1, 5.4 എന്നിവയിൽ ഇതുമായി ബന്ധപ്പെട്ട പോരായ്മകൾ പ്രതിപാദിച്ചിരിക്കുന്നു.

## 2.2. കോളേജ് ഡെവലപ്മെന്റ് കൗൺസിലിന്റെ പ്രവർത്തനം

കോളേജ് ഡെവലപ്മെന്റ് കൗൺസിലിനെ സംബന്ധിച്ച 1985–ലെ പുതുക്കിയ യു.ജി.സി മാർഗ്ഗരേഖകൾ പ്രകാരം, അഫിലിയേറ്റഡ് കോളേജുകളുടെ ശരിയായ ആസൂത്രണവും സംയോജിത വികസനവും

[4] കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ഉറപ്പാക്കുന്നതിനും കോളേജുകൾക്ക് ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനും സർവകലാശാല ആസ്ഥാനത്ത് ഉചിതമായ ഒരു ബോഡിയായി കോളേജ് ഡെവലപ്മെന്റ് കൗൺസിൽ (സി.ഡി.സി) രൂപീകരിക്കേണ്ടതാണ്. യു.ജി.സി മാർഗ്ഗരേഖകളിലെ ഖണ്ഡിക 2 അനുസരിച്ച്, സി.ഡി.സിയിൽ വൈസ് ചാൻസലർ, കൗൺസിൽ ഡയറക്ടർ[5], ചില അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ, സർവകലാശാല വകുപ്പുകളിലെ മുതിർന്ന അധ്യാപകർ, സംസ്ഥാന സർക്കാരിന്റെ പ്രതിനിധി എന്നിവരാണ് ഉണ്ടായിരിക്കേണ്ടത്. വിവിധ പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി ഒരു അധ്യയന വർഷത്തിൽ രണ്ട് തവണയെങ്കിലും കൃത്യമായ ഇടവേളകളിൽ സി.ഡി.സി യോഗം ചേരേണ്ടതാണ്. വർഷത്തിൽ രണ്ടുതവണയെങ്കിലും ഡയറക്ടർ കോളേജുകൾ സന്ദർശിക്കേണ്ടതും കോളേജുകളുടെ വികസനത്തിനായി സി.ഡി.സിക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിക്കാൻ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗങ്ങൾ നടത്തേണ്ടതുമാണ്.

കേരള സർവകലാശാലയിലെ സി.ഡി.സി 1978–ൽ രൂപീകരിക്കുകയും 2007–ൽ പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഒരു സമ്പൂർണ്ണ സി.ഡി.സി രൂപീകരിച്ചിട്ടില്ലെന്നും നിലവിൽ സി.ഡി.സി ഏകാംഗ സമിതിയാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. സി.ഡി.സിക്ക് മുഴുവൻ സമയ ഡയറക്ടർ ഇല്ലായിരുന്നു, ഇസ്‌ലാമിക് സ്റ്റഡീസ് വകുപ്പ് മേധാവിക്ക് അതിന്റെ അധിക ചുമതല നൽകി. വിഭാവനം ചെയ്തതുപോലെയുള്ള ഒരു സി.ഡി.സിയുടെ അഭാവത്തിൽ, ഓഡിറ്റ് കാലയളവിൽ ഒരു യോഗവും നടന്നില്ല. അങ്ങനെ, അഫിലിയേറ്റഡ് കോളേജുകളുടെ ശരിയായതും സമഗ്രവുമായ വികസനം ഉറപ്പാക്കാൻ യു.ജി.സി വിഭാവനം ചെയ്ത ഒരു ഫോറം അനുചിതമായ ഘടനയും യോഗങ്ങൾ നടത്താത്തതും കാരണം ഫലപ്രദമല്ലാതായി.

അഫിലിയേറ്റഡ് കോളേജുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കേരള സർവകലാശാലയിലെ കോളേജ് ഡെവലപ്മെന്റ് കൗൺസിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). യു.ജി.സി വെബ്സൈറ്റിൽ സി.ഡി.സിയുടെ കൃത്യമായ അംഗബലത്തെയും ഘടനയെയും കുറിച്ച് വിശദാംശങ്ങളൊന്നും ഇല്ലാത്തതിനാൽ സി.ഡി.സിയുടെ ശരിയായ പുനഃസ്ഥാപനത്തിനുള്ള കൃത്യമായ വ്യവസ്ഥകൾ കണ്ടെത്തുന്നതിനായി യു.ജി.സിയുമായി ബന്ധപ്പെടുന്നുണ്ടെന്നും പ്രസ്താവിച്ചു.

ബഹു അംഗസമിതിയായ സി.ഡി.സി രൂപീകരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി യു.ജി.സി മാർഗ്ഗരേഖകളിൽ വ്യക്തമായി പ്രതിപാദിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല. ബഹു അംഗസമിതിയായി ഒരു സി.ഡി.സി രൂപീകരിക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതും

[5] വിസിയും യുജിസിയുടെ നോമിനിയും സർവകലാശാലയുടെ സിൻഡിക്കേറ്റിന്റെ നോമിനിയും അടങ്ങുന്ന കമ്മിറ്റി ഡയറക്ടറെ തെരഞ്ഞെടുക്കുന്നു ശമ്പളം യുജിസി റീഇംപേഴ്സ് ചെയ്യുന്നതുമാണ്.

ഡയറക്ടറുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്താത്തതും സർവകലാശാലയും അഫിലിയേറ്റഡ് കോളേജുകളും തമ്മിലുള്ള ഏകോപനത്തിന്റെയും ആശയവിനിമയത്തിന്റെയും അഭാവത്തിന് കാരണമായി.

## 2.3. അക്കാദമിക് പ്രവർത്തനങ്ങൾ

സർവകലാശാല, അതിന്റെ ദൗത്യത്തിന്റെ ഭാഗമായി, 'സമഗ്രമായ വിദ്യാഭ്യാസത്തിലൂടെയും ശരിയായ കഴിവുകളുടെ വികസനത്തിലൂടെയും അക്കാദമിക് മികവിന്റെ കേന്ദ്രമായി ഉയർന്നുവരാൻ' ലക്ഷ്യമിടുന്നു. മികവിനായി ആസൂത്രണം ചെയ്യുക, അക്കാദമിക് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. അതിനൊടൊപ്പം വിദ്യാർത്ഥികളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും താൽപര്യങ്ങളെ പിന്തുണയ്ക്കുന്നതിനായി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും വേണം. അക്കാദമിക് പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ഓഡിറ്റ് പരിശോധിച്ച് താഴെ പറയുന്നവ നിരീക്ഷിച്ചു.

- ഏകദേശം 3,970 വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം നടക്കുന്ന 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജിയിൽ (യു.ഐ.റ്റി), 17 യു.ഐ.റ്റികൾ[6] അക്രഡിറ്റേഷൻ ലഭിക്കാനുള്ളതാണ്. എന്നാൽ ഇവയൊന്നും അക്രഡിറ്റേഷൻ പ്രക്രിയ ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അക്രഡിറ്റേഷന്റെ അഭാവത്തിൽ, നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് തൽപ്പരകക്ഷികൾക്ക് ഉറപ്പ് ലഭിക്കുന്നില്ല. കൂടാതെ, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലെ നിരവധി ക്രമക്കേടുകൾ ഓഡിറ്റ് ശ്രദ്ധിച്ചു, അവ ഈ റിപ്പോർട്ടിന്റെ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്.

  സർക്കാർ എയ്ഡഡ് കോളേജുകൾ വഴി ബദൽ സൗകര്യങ്ങൾ ലഭ്യമല്ലാത്ത ഗ്രാമീണ മേഖലയിലെയും, അവഗണിക്കപ്പെട്ട വിദൂര പ്രദേശങ്ങളിലെയും സാധ്യതയുള്ള വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകയെന്ന കാഴ്ചപ്പാടോടെയാണ് കേരള സർവകലാശാല നേരിട്ട് നടത്തുന്ന യു.ഐ.റ്റികൾ സ്ഥാപിച്ചതും പ്രവർത്തിക്കുന്നതും ചെയ്യുന്നതും എന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കേരള സർവകലാശാല എൻ.എ.എ.സി അംഗീകൃതമായതിനാൽ യു.ഐ.റ്റികൾക്ക് പ്രത്യേക അംഗീകാരം ആവശ്യമില്ല എന്നും പറഞ്ഞു.

---

[6] ശേഷിക്കുന്ന 17 യു.ഐ.റ്റികൾ 2015 ന് ശേഷം സ്ഥാപിച്ചതാണ്, അതിനാൽ അക്രഡിറ്റേഷൻ ഇപ്പോൾ ആവശ്യമില്ല.

1956–ലെ യു.ജി.സി ആക്ട് പ്രകാരം 'കോളേജ്' എന്നതിന്റെ നിർവചനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ[7] വിഭാഗങ്ങളിൽ ഒന്നിനെപ്പോലും ഒഴിവാക്കാത്തതിനാൽ മറുപടി നിലനിൽക്കില്ല. കൂടാതെ, സർവകലാശാലയുടെ അക്രഡിറ്റേഷൻ സമയത്ത് ഈ സ്വാശ്രയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ എൻ.എ.എ.സിക്ക് നൽകിയിട്ടില്ലാത്തതിനാൽ സർവകലാശാലയ്ക്ക് അക്രഡിറ്റേഷൻ ഉള്ളത് കാരണം യു.ഐ.റ്റികൾക്ക് പ്രത്യേക അക്രഡിറ്റേഷൻ ആവശ്യമില്ലെന്ന് സർവകലാശാലയ്ക്ക് വാദിക്കാൻ കഴിയില്ല. തങ്ങളുടെ വാദത്തെ സാധൂകരിക്കത്തക്കവിധം ഒരു വിശദീകരണവും സർവകലാശാല യു.ജി.സിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

- 1977–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിന്റെ 11–ാം അദ്ധ്യായം അനുസരിച്ച്, അതത് വിജ്ഞാന ശാഖകളിലെ ആധുനിക പ്രവണതകളും വികാസങ്ങളും അനുസരിച്ച് സിലബസ് പരിഷ്കരിക്കുന്നതിനും കോഴ്സുകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ എടുക്കുന്നതിനും ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സർവകലാശാലയിലെ ഓരോ പഠന വിഷയത്തിലോ അല്ലെങ്കിൽ വിഷയങ്ങളുടെ ഗ്രൂപ്പുകളിലോ ഒരു ബോർഡ്സ് ഓഫ് സ്റ്റഡി (ബി.ഒ.എസ്) ഉണ്ടായിരിക്കണം. 2020 നവംബർ വരെ സർവകലാശാലയിൽ 90 ബി.ഒ.എസ്സുകൾ[8] ഉണ്ടായിരുന്നു.

  ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിൽ വ്യക്തമാക്കിയിരിക്കുന്നപോലെ അധ്യാപകരുടെ/ വിദഗ്ധരുടെ വേണ്ടത്ര പ്രതിനിധികൾ ഉൾപ്പെടുന്ന വിധത്തിൽ 27 ബിരുദകോഴ്സുകളിലെ 25 എണ്ണത്തിലും 27 ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഒന്നിൽപോലും ബി.ഒ.എസ് രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 2.2**–ൽ നൽകിയിരിക്കുന്നു.

  അടിയന്തര സാഹചര്യം കണക്കിലെടുത്ത് ബോർഡിന്റെ കാലാവധി തീർന്നപ്പോൾ ഏറ്റവും കുറഞ്ഞ എണ്ണം അധ്യാപകരെ ഉൾപ്പെടുത്തി പുതിയ ബോർഡ് രൂപീകരിച്ചെന്നും ആവശ്യമെങ്കിൽ പിന്നീട് പുനഃസംഘടിപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

  കേരള യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച്, മൂന്ന് വർഷത്തിലൊരിക്കൽ സിൻഡിക്കേറ്റ് ബി.ഒ.എസ് പുനഃസംഘടിപ്പിക്കണം. അതിനാൽ, ബി.ഒ.എസ്സിന്റെ കാലാവധി

---

7 ഒരു സർവകലാശാലയിൽ നിന്നും യോഗ്യത നേടാൻ ഉതകുന്ന ഒരു പഠനകോഴ്സ് നൽകുന്നതും അത്തരം ഒരു പഠനകോഴ്സ് നൽകാൻ കഴിവുണ്ടെന്ന് അംഗീകരിക്കപ്പെട്ടതും ആ യോഗ്യത നേടാനായുള്ള പരീക്ഷയ്ക്ക് അത്തരം പഠനകോഴ്സിലെ വിദ്യാർത്ഥികളെ ഹാജരാക്കുന്നതും ആയ ഏതൊരു സ്ഥാപനത്തെയും യു.ജി.സി ആക്ട്, 1956–ന്റെ 12എ(1) സെക്ഷൻ 'കോളേജ്' എന്ന് നിർവചിക്കുന്നു.

8 എഞ്ചിനീയറിംഗ്, മെഡിസിൻ മുതലായവയുമായി ബന്ധപ്പെട്ട ബി.ഒ.എസ്സിനെ കുറിച്ച് ഓഡിറ്റ് വിശകലനം ചെയ്തിട്ടില്ല.

സർവകലാശാലയ്ക്ക് മുൻകൂട്ടി അറിയാമെന്നതിനാൽ അടിയന്തര സാഹചര്യം എന്ന അവകാശവാദം ന്യായീകരിക്കത്തക്കതല്ല.

- മൂന്ന് വർഷം കൂടുമ്പോൾ എല്ലാ അക്കാദമിക് വകുപ്പുകളുടെയും പാഠ്യപദ്ധതി പരിഷ്കരിക്കാൻ യു.ജി.സി ശിപാർശ ചെയ്തിരുന്നുവെങ്കിലും (2017 ജനുവരി) 142 കോഴ്സുകളിൽ 28 കോഴ്സുകളുടെ സിലബസ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ (2021 സെപ്റ്റംബർ വരെ) പരിഷ്കരിച്ചിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 23 കോഴ്സുകളുടെ പരിഷ്കരണത്തിലെ കാലതാമസം ഒന്ന് മുതൽ അഞ്ച് വർഷം വരെയും, അഞ്ച് കോഴ്സുകളുടേത് എട്ട് മുതൽ 13 വർഷം വരെയും ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 2.3**–ൽ കാണിച്ചിരിക്കുന്നു.

  പാഠ്യപദ്ധതി പരിഷ്ക്കരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചുവെന്നും (2019 മാർച്ച്) വിവിധ ബി.ഒ.എസ്സുകൾക്ക് അയച്ചതായും സർവകലാശാല (2021 ആഗസ്റ്റ് 12) പ്രസ്താവിച്ചു. ഇതുവരെ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ രീതിയിലേക്ക് പരിഷ്കരിക്കാതെ ശേഷിക്കുന്ന സിലബസ് പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും പ്രസ്താവിച്ചു.

- യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 2013–14 മുതൽ 2015–16 വരെയുള്ള മൂന്ന് വർഷത്തേക്ക് 45 പ്രോഗ്രാമുകൾ (യു.ജി.സി അംഗീകൃത പ്രോഗ്രാമുകൾ) ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് മോഡ് വഴി നടത്തുന്നതിന് സർവകലാശാലയ്ക്ക് അംഗീകാരം നൽകുകയും (2013 ആഗസ്റ്റ് 19) ആറ് പ്രോഗ്രാമുകൾ[9] നിരസിക്കുകയും ചെയ്തു. അംഗീകാരത്തിന്റെ നിബന്ധനകൾ അനുസരിച്ച്, 30 ദിവസത്തിനുള്ളിൽ സർവകലാശാല ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടായിരുന്നു.

  2013–15 കാലയളവിൽ വിദൂര വിദ്യാഭ്യാസ വിഭാഗം (എസ്.ഡി.ഇ) യു.ജി.സി അംഗീകാരം ഇല്ലാത്ത 10 പ്രോഗ്രാമുകൾ[10] നടത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

  കൂടാതെ യു.ജി.സി ആവശ്യപ്പെടുന്ന സത്യവാങ്മൂലത്തിനു പകരം ഒരു അണ്ടർടേക്കിംഗ് മാത്രമാണ് സർവകലാശാല സമർപ്പിച്ചത് (2014 മാർച്ച്). നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചശേഷവും സർവകലാശാല സത്യവാങ്മൂലം സമർപ്പിക്കാത്തതിനാൽ യു.ജി.സി 2015–16 അധ്യയന വർഷത്തെ അംഗീകാരം പിൻവലിച്ചു (2015 ജൂലൈ 15). അതിനാൽ, 2015–16 ലും 2016–17 ലും കോഴ്സുകൾ നടത്താൻ എസ്.ഡി.ഇയ്ക്ക് കഴിഞ്ഞില്ല. സത്യവാങ്മൂലം

---

9 മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ വിജ്ഞാപനമനുസരിച്ച് (2013 ജൂൺ), ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് (ഒ.ഡി.എൽ) വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ എല്ലാ ചുമതലകളും യു.ജി.സി, എ.ഐ.സി.റ്റി.ഇ എന്നിവയ്ക്കാണ്.

10 45 അംഗീകൃത പ്രോഗ്രാമുകൾ കൂടാതെ.

സമർപ്പിച്ചതിന് ശേഷം (2016 ഡിസംബർ) 2017–18 അധ്യയന വർഷം മുതൽ അംഗീകാരം പുനഃസ്ഥാപിച്ചു.

ഈ കോഴ്സുകളിൽ വിദ്യാർത്ഥികൾ അതിനകം ചേർന്നു കഴിഞ്ഞതിനാൽ അംഗീകാരം ഇല്ലാതെ ആരംഭിച്ച പ്രോഗ്രാമുകൾ നിർത്താൻ സർവകലാശാലയ്ക്ക് കഴിഞ്ഞില്ലെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ഈ വിദ്യാർത്ഥികളെ എസ്.ഡി.ഇയിൽ തന്നെ ഉൾപ്പെടുത്തുന്നതിനും പ്രോഗ്രാമുകൾ പൂർത്തിയാക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി സർവകലാശാലയ്ക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടി വന്നതിനാലാണ് വീണ്ടും അംഗീകാരത്തിനായി അപേക്ഷിക്കുന്നതിൽ കാലതാമസമുണ്ടായത്.

യു.ജി.സിയുടെ അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ തുടർന്നതും, ഉപാധികളും നിബന്ധനകളും പാലിക്കാൻ സത്വര നടപടി സ്വീകരിക്കാത്തതും കാരണം രണ്ടുവർഷത്തേക്ക് അംഗീകാരം പിൻവലിക്കാൻ ഇടയാക്കുകയും, ഇത് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുകയും ചെയ്തു എന്ന വസ്തുത നിലനിൽക്കുന്നു.

താഴെ പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ 2020–ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്) അനുസരിച്ച് സർവകലാശാല 23–ാം റാങ്ക് നേടിയതായി ഓഡിറ്റ് നിരീക്ഷിച്ചു. സർവകലാശാല നേടിയ സ്കോർ **പട്ടിക 2.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1: എൻ.ഐ.ആർ.എഫ് റാങ്കിങിന്റെ അടിസ്ഥാന ഘടകങ്ങളും കേരള സർവകലാശാല നേടിയ സ്കോറും**

| **അടിസ്ഥാന ഘടകങ്ങൾ** | **വെയ്റ്റേജ്** | **സ്കോർ** |
|---|---|---|
| അധ്യാപനവും, പഠനവും, വിഭവശേഷിയും | 0.30 | 73.77 |
| ഗവേഷണവും പ്രൊഫഷണൽ വ്യവഹാരവും | 0.30 | 19.03 |
| ബിരുദ ഫലങ്ങൾ | 0.20 | 86.00 |
| വ്യാപനവും ഉൾപ്പെടുത്തലും | 0.10 | 51.56 |
| കാഴ്ചപ്പാട് | 0.10 | 21.54 |
| **വെയ്റ്റഡ് മൊത്തം സ്കോർ** | | **52.35** |

*(ഉറവിടം : എൻ.ഐ.ആർ.എഫിൽ നിന്നും ലഭിച്ച ഡേറ്റ)*

ഇൻഡസ്ട്രിയുമായി ഇടപെടലുകൾ താരതമ്യേന കുറവായിരുന്നിട്ടും (ഖണ്ഡിക 3.2), 23 ശതമാനവും കരാർ അധ്യാപക ജീവനക്കാർ ആയിരുന്നിട്ടും (ഖണ്ഡിക 3.1.2) യു.ജി.സി നിർദ്ദേശിക്കുന്ന, നിരവധി സന്ദർഭങ്ങളിൽ അധ്യാപകർക്ക് വേണ്ട ഏറ്റവും കുറഞ്ഞ യോഗ്യത പോലും ഇല്ലാതിരുന്നിട്ടും (ഖണ്ഡിക 3.1.2) വിവിധ വിഭാഗങ്ങളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ട സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും (ഖണ്ഡിക 5.3) ബിരുദ ഫലങ്ങളിലെ ഉയർന്ന സ്കോറുകൾ പോലുള്ള ഘടകങ്ങൾ കാരണം എൻ.ഐ.ആർ.എഫ് റാങ്കിംഗ് സമ്പ്രദായത്തിന് കീഴിൽ സർവകലാശാലയ്ക്ക് താരതമ്യേന മികച്ച സ്കോർ നേടാൻ കഴിഞ്ഞു. മുൻ വർഷത്തെ രണ്ട് സെമസ്റ്ററുകളിലും പഠിപ്പിച്ചിരുന്ന കരാർ അധ്യാപകരെ എൻ.ഐ.ആർ.എഫ്

സ്കീമിന് കീഴിൽ റഗുലർ ഫാക്കൽറ്റികളായി കണക്കാക്കാൻ കഴിഞ്ഞു. തൽഫലമായി ഫാക്കൽറ്റി വിദ്യാർത്ഥി അനുപാതത്തിൽ സർവകലാശാലയ്ക്ക് മുഴുവൻ സ്കോറും ലഭിച്ചു. വിദ്യാർത്ഥിനികളുടെയും അധ്യാപികമാരുടെയും ശതമാനവും സർവകലാശാലയ്ക്ക് അനുകൂലമായിരുന്നു.

## 2.4. അഫിലിയേറ്റഡ് കോളേജുകൾ

സർവകലാശാലയ്ക്ക് ഏകദേശം 187 അഫിലിയേറ്റഡ് കോളേജുകളുണ്ട്. താഴെ ചർച്ച ചെയ്യുന്നപോലെ ഈ കോളേജുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനത്തിന്റെ അഭാവം ഓഡിറ്റ് നിരീക്ഷിച്ചു:

### 2.4.1. അഫിലിയേറ്റഡ് കോളേജുകളിൽ പരിശോധന നടത്താത്തത്

1977-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിലെ 24-ാം അദ്ധ്യായത്തിലെ സ്റ്റാറ്റ്യൂട്ട് 36 പ്രകാരം, ഓരോ കോളേജും കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും അത്തരം പരിശോധനയുടെ റിപ്പോർട്ട് ബന്ധപ്പെട്ട കോളേജിന്റെ പ്രിൻസിപ്പലിന് കൈമാറേണ്ടതുമാണ്. റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് മുൻപ് തന്നെ വിശദീകരണം ലഭ്യമാക്കാൻ ഇത് നൽകിയിരിക്കണം. കോളേജുകൾക്ക്/ പുതിയ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് വേണ്ടി മാത്രമാണ് പരിശോധനകൾ നടത്തിയതെന്ന് നിരീക്ഷിച്ചു.

സ്റ്റാറ്റ്യൂട്ട്സ് അല്ലെങ്കിൽ യു.ജി.സി/ റെഗുലേറ്ററി ബോഡികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും അധ്യയന സൗകര്യങ്ങളും ഉറപ്പാക്കാനായി അഫിലിയേറ്റ് ചെയ്ത എല്ലാ കോളേജുകളിലും നാല് വർഷത്തിനുള്ളിൽ പരിശോധന നടത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചുവെന്ന് (2021 ജൂൺ 11) സർവകലാശാല മറുപടി നൽകി (2021 സെപ്റ്റംബർ 13). പരിശോധനയ്ക്കായുള്ള കമ്മീഷൻ രൂപീകരിക്കുന്നതിന് കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കൺവീനറെ ചുമതലപ്പെടുത്തി.

അഫിലിയേറ്റഡ് കോളേജുകളിൽ പരിശോധന നടത്താൻ കമ്മീഷൻ ഇനിയും രൂപീകരിച്ചിട്ടില്ലെന്നും ഇതുവരെ പരിശോധന ആരംഭിച്ചിട്ടില്ലെന്നും നിരീക്ഷിച്ചു.

1977-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിലെ 24-ാം അദ്ധ്യായത്തിലെ സ്റ്റാറ്റ്യൂട്ട് 36 അനുശാസിക്കുന്ന പരിശോധനകൾ നാല് വർഷത്തിനുള്ളിൽ നടത്താൻ സർവകലാശാല തീരുമാനിച്ചുവെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കോളേജുകളുടെ എണ്ണത്തിലുണ്ടായ വർധനയും സമയക്കുറവും പകർച്ചവ്യാധി സാഹചര്യവും ലോക്ക്ഡൗണും പരിശോധനാ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു.

അഫിലിയേറ്റഡ് കോളേജുകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുക എന്ന നിയമപരമായ കടമ സർവകലാശാല അവഗണിച്ചത് അധ്യാപന

സൗകര്യങ്ങളുടെ/ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകാൻ കാരണമായി.

### 2.4.2. സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കാത്തത്

1974-ലെ കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 78 പ്രകാരം, ഓരോ നാല് വർഷം കഴിയുമ്പോഴും, അഫിലിയേറ്റഡ് കോളേജുകളുടെ അവസ്ഥയെക്കുറിച്ച് വൈസ് ചാൻസലർ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണം. സർക്കാരിനും സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളേജുകളുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ കഴിയുന്ന ഒരു മാർഗമായതിനാൽ, 'അഫിലിയേറ്റഡ് കോളേജുകളുടെ അവസ്ഥയെക്കുറിച്ച്' വൈസ് ചാൻസലർ സർക്കാരിന് നാല് വർഷം കൂടുമ്പോൾ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ശ്രീമതി പത്മ രാമചന്ദ്രൻ അധ്യക്ഷ ആയ കമ്മീഷനും[11] ശിപാർശ ചെയ്തു.

എന്നാൽ, അഫിലിയേറ്റഡ് കോളേജുകളെക്കുറിച്ച് അത്തരം റിപ്പോർട്ടുകളൊന്നും സമർപ്പിക്കുന്നില്ലെന്ന് നിരീക്ഷിക്കപ്പെട്ടു.

സർവകലാശാല അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഒരു റിപ്പോർട്ട് എല്ലാ വർഷവും വാർഷിക റിപ്പോർട്ടിന്റെ രൂപത്തിൽ സർക്കാരിന് സമർപ്പിക്കുന്നു എന്നും ഇത് അഫിലിയേറ്റഡ് കോളേജുകളെ സംബന്ധിച്ച മിക്ക വിവരങ്ങളും നൽകുന്നു എന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). സർക്കാർ കോളേജുകൾ ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷന്റെ (ഡി.സി.ഇ) നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതിനാൽ പ്രസ്തുത കോളേജുകളെക്കുറിച്ച് സർക്കാരിന് നേരിട്ടുള്ള വിവരങ്ങൾ ലഭിക്കും. കൂടാതെ, സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ, കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവ, ഭൗതിക വിഭവങ്ങളും കോളേജുകളിൽ ഉണ്ടെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുമെന്ന് കോളേജ് മാനേജ്മെന്റിൽ നിന്ന് സർക്കാർ ഉറപ്പ് വരുത്തുന്നു.

വാർഷിക റിപ്പോർട്ടുകളിൽ ഓരോ അഫിലിയേറ്റഡ് കോളേജുകളെക്കുറിച്ചും ഹ്രസ്വ വിവരണം മാത്രമേ ഉള്ളൂ എന്നതിനാലും ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം തയ്യാറാക്കുന്നു എന്നതിനാലും മറുപടി ന്യായീകരിക്കത്തക്കതല്ല. വാർഷിക റിപ്പോർട്ടുകൾ സർവകലാശാല നടത്തുന്ന പരിശോധനകളുടെ അടിസ്ഥാനത്തിലല്ലാത്തതിനാലും അഫിലിയേഷൻ ലഭിച്ചുകഴിഞ്ഞാൽ പിന്നീട് സൗകര്യങ്ങൾ പരിശോധിക്കാത്തതിനാലും. അതിനാൽ, അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപനത്തെക്കുറിച്ചും അടിസ്ഥാന

---

[11] കേരള സർവകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുന്നതിന് 1974-ലെ കേരള സർവകലാശാല ആക്ട് സെക്ഷൻ 71 പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് 2000 മാർച്ചിൽ കേരള സർക്കാർ രൂപീകരിച്ച കമ്മീഷൻ മുൻ ചീഫ് സെക്രട്ടറി ശ്രീമതി പത്മ രാമചന്ദ്രന്റെ റിപ്പോർട്ട് 2000 നവംബർ 29-ന് സർക്കാരിന് സമർപ്പിച്ചു.

സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭിക്കാനുള്ള സംവിധാനം സർക്കാരിന് നിഷേധിക്കപ്പെടുകയാണ്.

## ബി) സാമ്പത്തിക നിർവ്വഹണം

സാമ്പത്തിക കാര്യങ്ങളുടെ വിവേകപൂർണ്ണമായ നിർവ്വഹണം ഏതൊരു സ്ഥാപനത്തിന്റെയും പ്രവർത്തനത്തിന് നിർണായകമാണ്. ഓഡിറ്റിന്റെ ഭാഗമായി സർവകലാശാലയുടെ സാമ്പത്തികവും അതിന്റെ നിർവ്വഹണവും പരിശോധിച്ചു.

1974-ലെ കേരള സർവകലാശാല ആക്ട് സെക്ഷൻ 45(1) പ്രകാരം, സംസ്ഥാന സർക്കാർ, ഭാരതസർക്കാർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ച എല്ലാ ഗ്രാന്റുകളും ലോണുകളും, സർവകലാശാലയുടെ എല്ലാ വരവുകളും, ലഭിച്ച എല്ലാ ഫീസുകളും, സർവകലാശാലയിൽ നിക്ഷിപ്തമായ സ്വത്തുക്കളിൽ നിന്നും ഫണ്ടുകളിൽ നിന്നും ലഭിക്കുന്ന വാടകയും ലാഭവും ഉൾപ്പെടെയുള്ള ആദായങ്ങളും, ഏതെങ്കിലും സ്രോതസ്സിൽ നിന്ന് ലഭിച്ച എല്ലാ എൻഡോവ്മെന്റുകളും സംഭാവനകളും, സർവകലാശാലയുടെ മറ്റെല്ലാ വരവുകളും, സർവകലാശാലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ നിക്ഷേപങ്ങളും, റെമിറ്റൻസുകളും, സേവന ഫണ്ടുകളും തുടങ്ങി എല്ലാ വരുമാനങ്ങളും "കേരള യൂണിവേഴ്സിറ്റി ഫണ്ട്" എന്ന പേരിൽ ഒരു ഏകീകൃത ഫണ്ട് സർവകലാശാല രൂപീകരിക്കുകണം. ഈ ആക്റ്റിലും അതിനനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, ഉപനിയമങ്ങൾ, ഉത്തരവുകൾ എന്നിവയിലും പറഞ്ഞിരിക്കുന്ന വിധത്തിലും ആവശ്യങ്ങൾക്കും വേണ്ടി ഇത് ഉപയോഗിക്കാവുന്നതാണ്.

2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ വരവുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 2.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.2: 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ കേരള സർവകലാശാലയുടെ വരവുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | വരവ് | | | | ചെലവ് | | | സേവിംഗ്സ് (വരവുകളുടെ ശതമാനം) |
|---|---|---|---|---|---|---|---|---|
| | പദ്ധതിയിതരം | പദ്ധതി | ആഭ്യന്തര വരുമാനം | ആകെ | പദ്ധതിയിതരം | പദ്ധതി | ആകെ | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) = (5) - (8) |
| 2015-16 | 205.42 | 40.40 | 113.56 | **359.38** | 256.25 | 35.77 | **292.02** | 67.36 *(18.74)* |
| 2016-17 | 256.77 | 56.54 | 112.02 | **425.33** | 298.92 | 42.11 | **341.03** | 84.30 *(19.82)* |
| 2017-18 | 288.17 | 29.98 | 109.15 | **427.30** | 331.66 | 53.71 | **385.37** | 41.93 *(9.81)* |
| 2018-19 | 310.05 | 41.51 | 127.86 | **479.42** | 333.12 | 57.91 | **391.03** | 88.39 *(18.44)* |
| 2019-20 | 341.06 | 16.77 | 144.33 | **502.16** | 350.80 | 28.87 | **379.67** | 122.49 *(24.39)* |
| 2020-21 | 277.24 | 16.88 | 136.85 | **430.97** | 348.65 | 18.16 | **366.81** | 64.16 *(14.89)* |
| **ആകെ** | **1678.71** | **202.08** | **743.77** | **2624.56** | **1919.40** | **236.53** | **2155.93** | **468.63** ***(17.85)*** |

*(ഉറവിടം : സർവകലാശാലയുടെ വാർഷിക കണക്കുകൾ)*

സർവകലാശാലയുടെ ധനകാര്യവുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

## 2.5. പൊതു വികസന സഹായ ഗ്രാന്റിന്റെ നഷ്ടം

12–ാം പദ്ധതി കാലയളവിൽ (2012–17), സർവകലാശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ യു.ജി.സി പൊതു വികസന സഹായം (ജി.ഡി.എ) നൽകി. വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർവകലാശാലകൾക്കുള്ള ജി.ഡി.എ പദ്ധതി നടപ്പാക്കുന്നത്. യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ആദ്യ ഗഡുവായി നീക്കിവച്ച ഫണ്ടിന്റെ 20 ശതമാനവും, രണ്ടാം ഗഡുവും തുടർന്നുള്ള ഗഡുക്കളും പുരോഗതി റിപ്പോർട്ട്, ചെലവുകളുടെ പ്രസ്താവന / മുൻ ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ച ശേഷവും നൽകേണ്ടതാണ്.

12–ാം പഞ്ചവത്സരപദ്ധതി കാലയളവിൽ (2012–17) കേരള സർവകലാശാലയ്ക്ക് ജി.ഡി.എ ആയി യു.ജി.സി ₹15.76 കോടി നീക്കിവച്ചിരുന്നു. 2012–13 ലേക്കുള്ള ₹2.50 കോടിയും 2013–14 ലേക്കുള്ള ₹3.80 കോടിയും യു.ജി.സി യഥാക്രമം 2012 ആഗസ്റ്റ് 31 നും 2013 ജൂലൈ 25 നും അനുവദിച്ചു. പന്ത്രണ്ടാം പദ്ധതി ധനസഹായത്തിന്റെ വിനിയോഗ കാലാവധി 2017 സെപ്റ്റംബർ 30 വരെ നീട്ടിയിട്ടുണ്ടെന്നും 2017 മാർച്ച് 31 ന് മുൻപ് ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായം 2020 മാർച്ച് 31 വരെ തുടരുമെന്നും യു.ജി.സി അറിയിച്ചു (2017 ജൂലൈ 25). ഫണ്ട് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തിന് ശേഷം 2017 ഫെബ്രുവരിയിൽ ₹4.75 കോടിയുടെ വിനിയോഗസാക്ഷ്യപത്രവും 2017 മാർച്ചിൽ ₹6.29 കോടിയ്ക്ക് സംയുക്ത വിനിയോഗസാക്ഷ്യപത്രവും സമർപ്പിച്ചു. ബാക്കി ധനസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ, 2017 സെപ്റ്റംബർ 30 വരെ ₹2.51 കോടി സർവകലാശാല ചെലവഴിച്ചു. വിനിയോഗസാക്ഷ്യപത്രം സമർപ്പിച്ചതിന് ശേഷം യു.ജി.സി അതിൽ ₹2.40 കോടി തിരികെ നൽകി. അങ്ങനെ, ₹8.81 കോടി ചെലവഴിച്ചതിൽ ₹8.70 കോടിയാണ് സർവകലാശാലയ്ക്ക് ലഭിച്ചത്. ആസൂത്രണം ചെയ്ത പ്രകാരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതിനാൽ നീക്കിവച്ച ₹15.76 കോടിയിൽ നിന്ന് ₹8.70 കോടി (55 ശതമാനം) മാത്രമാണ് ലഭിച്ചത്. ഇത് മൂലം സർവകലാശാലയ്ക്ക് ₹7.06 കോടിയുടെ പൊതു വികസന സഹായം നഷ്ടമായി. യു.ജി.സി ലഭ്യമാക്കിയ ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്നിട്ടും അടിസ്ഥാനസൗകര്യ വികസനത്തിനായി സർവകലാശാല സർക്കാരിൽ നിന്ന് കൂടുതൽ ഫണ്ട് ആവശ്യപ്പെടുന്നു[12]. അതേസമയം എന്നത് ശ്രദ്ധേയമാണ്.

---

[12] ഓരോ വർഷവും കേരള സർക്കാരിന് സമർപ്പിക്കുന്ന ആന്വൽ ആക്ഷൻ പ്ലാനിലൂടെ

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ കേരള സർവകലാശാലയുടെ പ്രവർത്തനങ്ങളുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് ചർച്ച ചെയ്യുമ്പോൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 2011-14-ലെ 43-ാം റിപ്പോർട്ടിൽ ഭാവിയിൽ ഫണ്ട് പാഴാകുന്നത് ഒഴിവാക്കാനായി സർവകലാശാലകളുടെ വികസന ആവശ്യങ്ങൾക്കായി യു.ജി.സി അനുവദിക്കുന്ന ഫണ്ട് സമ്പൂർണ്ണവും ഫലപ്രദവുമായി വിനിയോഗിക്കുന്നതിന് നിർണ്ണായകവും കൃത്യവുമായ ആസൂത്രണം സർവകലാശാല അധികാരികൾ ആവിഷ്കരിക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ഫണ്ടിൽ നിന്ന് യു.ജി.സി ₹15.76 കോടി നീക്കിവച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ഇതിൽ ₹6.30 കോടി രണ്ട് ഗഡുക്കളായി അനുവദിച്ചു. മിച്ചധനസഹായം പ്രതീക്ഷിച്ച് സർവകലാശാല ചെലവഴിച്ച ₹2.51 കോടി ഉൾപ്പെടെ ₹9.45 കോടി ബാക്കി ധനസഹായം അനുവദിക്കാൻ സർവകലാശാല യു.ജി.സിയോട് അഭ്യർത്ഥിച്ചിരുന്നു (2018 മാർച്ച് 20). അതിൽ ₹2.40 കോടി യു.ജി.സി അനുവദിച്ചു. കൂടാതെ കേരള സർവകലാശാലയുമായി ബന്ധപ്പെട്ട കണക്കുകൾ എല്ലാം തീർപ്പാക്കിയതായി സർവകലാശാലയെ യു.ജി.സി അറിയിച്ചു.

പി.എ.സി ശിപാർശകൾ നൽകിയിട്ടും സർവകലാശാലയ്ക്ക് അനുവദിച്ച ജി.ഡി.എ വിനിയോഗിക്കുന്നതിന് നിർണ്ണായക നടപടികളൊന്നും സ്വീകരിക്കാത്തതിനാൽ സർവകലാശാലയ്ക്ക് ₹7.06 കോടിയുടെ ജി.ഡി.എ നഷ്ടമായി.

## 2.6. സ്ഥിരനിക്ഷേപത്തിലെ ₹21 കോടിയുടെ പലിശ വരുമാന നഷ്ടം

കേരള യൂണിവേഴ്സിറ്റി ഫണ്ടുകളിലെ എല്ലാ പണവും സർക്കാർ ട്രഷറിയിലോ അല്ലെങ്കിൽ സർക്കാറിന്റെ അംഗീകാരത്തോടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ (എസ്.ബി.ഐ) അല്ലെങ്കിൽ അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലോ സർക്കാർ നിശ്ചയിക്കുന്ന പരിധിവരെ നിക്ഷേപിക്കേണ്ടതാണ്[13].

സർവകലാശാല ഫണ്ടുകൾ സർക്കാർ ട്രഷറിയിലും എസ്.ബി.ഐയിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും സ്ഥിര നിക്ഷേപം നടത്തിയിരുന്നു. എസ്.ബി.ഐയിലും അനുബന്ധ സ്ഥാപനങ്ങളിലും ഫണ്ട് നിക്ഷേപിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം സംബന്ധിച്ച രേഖകളൊന്നും നൽകാൻ സർവകലാശാലയ്ക്ക് കഴിഞ്ഞില്ല. കൂടാതെ, 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നിരക്ക് 8.25 ശതമാനത്തിൽ നിന്ന് 5.70 ശതമാനമായി കുറഞ്ഞു. അതേ സമയം ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ

13 കേരള സർവകലാശാല ആക്റ്റ്, 1974-ലെ അദ്ധ്യായം VII (ധനകാര്യം), സെക്ഷൻ 45(2) പ്രകാരം.

നിരക്ക് ഒൻപത് ശതമാനം മുതൽ 8.5 ശതമാനം[14] വരെ ഉയർന്ന നിലയിൽ തന്നെ തുടർന്നിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഉയർന്ന പലിശനിരക്ക് പ്രയോജനപ്പെടുത്തുന്നതിന് ഫണ്ടുകൾ ട്രഷറി സ്ഥിരനിക്ഷേപങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികളൊന്നും സർവകലാശാല എടുത്തില്ല. പകരം എസ്.ബി.ഐയിലെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലെയും സ്ഥിരനിക്ഷേപങ്ങളിൽ നിക്ഷേപം തുടർന്നു.

2016–17 മുതൽ 2019–20 വരെയുള്ള കാലയളവിലെ രേഖകൾ പരിശോധിച്ചപ്പോൾ സർക്കാർ അംഗീകാരം ഇല്ലാതെയും പലിശനിരക്ക് കുറഞ്ഞിട്ടും എസ്.ബി.ഐയുടെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും സർവകലാശാല ഫണ്ടുകളുടെ നിക്ഷേപം തുടർന്നത് ചുവടെയുള്ള **പട്ടിക 2.3–ൽ** വിശദമാക്കിയിരിക്കുന്നതുപോലെ ₹21.00 കോടിയുടെ പലിശ നഷ്ടത്തിന് കാരണമായി.

**പട്ടിക 2.3: ട്രഷറി സ്ഥിര നിക്ഷേപങ്ങളിൽ ഫണ്ട് നിക്ഷേപിക്കാത്തതിന്റെ ഫലമായി പലിശ വരുമാനത്തിലുണ്ടായ നഷ്ടം**

*(₹ കോടിയിൽ)*

| വർഷം | സ്ഥിര നിക്ഷേപങ്ങളായി സർവകലാശാല നിക്ഷേപിച്ച ആകെ തുക | എസ്.ബി. ഐയിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും നിക്ഷേപിച്ച തുക | എസ്.ബി.ഐയിലെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലെയും സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് ലഭിച്ച പലിശ* | ട്രഷറിയിൽ നിക്ഷേപിച്ചാൽ ലഭിക്കുന്ന പലിശ# | പലിശ നഷ്ടം |
|---|---|---|---|---|---|
| 2016–17 | 469.28 | 393.36 | 27.48 | 33.04 | 5.56 |
| 2017–18 | 476.67 | 382.61 | 26.52 | 30.66 | 4.14 |
| 2018–19 | 719.19 | 486.36 | 28.41 | 35.37 | 6.96 |
| 2019–20 | 945.66 | 509.79 | 28.23 | 32.57 | 4.34 |
| **ആകെ** | | | | | **21.00** |

* 2016–17 മുതൽ 2019–20 വരെയുള്ള കാലയളവിലെ വാർഷിക അക്കൗണ്ടുകളിൽ നിന്ന് എടുത്ത കണക്കുകൾ.

\# അതാത് കാലയളവിലെ പലിശ നിരക്ക് അടിസ്ഥാനമാക്കി സാധാരണ പലിശ നിരക്ക് രീതി ഉപയോഗിച്ച് കണക്കാക്കിയത്.

*(ഉറവിടം: സർവകലാശാലയുടെ വാർഷിക അക്കൗണ്ടുകൾ)*

അങ്ങനെ, 1974–ലെ കേരള യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്തതും കൃത്യമായ സാമ്പത്തിക ആസൂത്രണത്തിന്റെ അഭാവവും 2016–17 മുതൽ 2019–20 വരെയുള്ള കാലയളവിൽ ₹21.00 കോടിയുടെ പലിശ വരുമാന നഷ്ടത്തിന് കാരണമായി.

1974–ലെ കേരള സർവകലാശാല ആക്ട് (സെക്ഷൻ 23 (iv)), 1977–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് (അദ്ധ്യായം 6, സെക്ഷൻ 3(ix), സെക്ഷൻ 4(ഡി)) എന്നിവ പ്രകാരം കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾക്കനുസരിച്ച് സർവകലാശാലയുടെ ഫണ്ട് നിക്ഷേപിക്കാൻ

[14] ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ രണ്ട് വർഷത്തിൽ താഴെയുള്ളതുമായ നിക്ഷേപ നിരക്കുകൾ

സിൻഡിക്കേറ്റിന് അധികാരമുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). 2021 ഫെബ്രുവരി 17-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ, ശമ്പളം, പെൻഷൻ, പരീക്ഷാ നടത്തിപ്പ് തുടങ്ങിയ അടിയന്തിര ചെലവുകൾ വഹിക്കാൻ മതിയായ ഫണ്ട് എസ്.ബി.ഐയിൽ സൂക്ഷിച്ച ശേഷം ബാക്കി ഫണ്ട് ഘട്ടം ഘട്ടമായി ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് (ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിന്) തീരുമാനിച്ചതായി പ്രസ്താവിച്ചു.

ഫണ്ടുകൾ വിവേകത്തോടെ നിക്ഷേപിച്ചിരുന്നെങ്കിൽ ഉയർന്ന നിരക്കിലെ പലിശ സർവകലാശാലയ്ക്ക് നഷ്ടപ്പെടില്ലായിരുന്നു. നിക്ഷേപങ്ങൾ കാലാകാലങ്ങളിൽ പുനഃരവലോകനം ചെയ്ത് മെച്ചപ്പെട്ട പലിശ നേടാൻ പര്യാപ്തമായ രീതിയിൽ ഫണ്ടുകൾ നിക്ഷേപിച്ച് ഫണ്ട് മാനേജ്മെന്റിന് സർവകലാശാല മുൻഗണന നൽകേണ്ടതാണ്.

## 2.7. സർക്കാരിൽ നിന്ന് ശമ്പള പരിഷ്കരണ കുടിശ്ശിക ലഭിക്കാത്തത്

സംസ്ഥാനത്തെ കോളേജ്/സർവകലാശാല അധ്യാപകർ, കായിക വിദ്യാഭ്യാസ അധ്യാപകർ, ലൈബ്രേറിയൻമാർ എന്നിവരുടെ ശമ്പള സ്കെയിലുകൾ പരിഷ്ക്കരിക്കുന്നത് ഉൾപ്പെടെ ആറാമത് യു.ജി.സി പദ്ധതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് സാമ്പത്തിക സഹായം നൽകാൻ ഭാരതസർക്കാർ തീരുമാനിച്ചു (2008 ഡിസംബർ 31). 2006 ജനുവരി 01 മുതൽ 2010 മാർച്ച് 31 വരെയുള്ള കാലയളവിൽ ശമ്പള പരിഷ്കരണത്തിൽ ഉൾപ്പെട്ട അധിക ചെലവിന്റെ 80 ശതമാനം ഭാരതസർക്കാർ സാമ്പത്തിക സഹായം നൽകേണ്ടിയിരുന്നു. ബാക്കി 20 ശതമാനം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായിരുന്നു. അതനുസരിച്ച് പുതുക്കിയ യു.ജി.സി പദ്ധതിയിലെ ശമ്പള സ്കെയിലുകൾ അംഗീകരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു (2010 മാർച്ച് 27). കൂടാതെ 80 ശതമാനം തുക ധനസഹായമായി ഭാരതസർക്കാർ അനുവദിക്കുമ്പോൾ കുടിശ്ശിക അനുവദിക്കുമെന്ന് പ്രസ്താവിച്ചു.

ആറാമത് യു.ജി.സി ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക നാല് ഗഡുക്കളായി വിതരണം ചെയ്യാൻ കേരള സർക്കാർ തീരുമാനിച്ചു (2013 ഫെബ്രുവരി 22). 2006 ജനുവരി 01 മുതൽ 2007 ജൂൺ 30 വരെയുള്ള കാലയളവിലെ കുടിശ്ശികയുടെ ആദ്യഗഡു വിതരണത്തിനായി കേരള സർവകലാശാലയ്ക്ക് ₹4.57 കോടി സർക്കാർ അനുവദിച്ചു (2014 ജനുവരി). 2007 ജൂലൈ 01 മുതൽ 2008 ജൂൺ 30 വരെയും 2008 ജൂലൈ 01 മുതൽ 2009 ജൂൺ 30 വരെയുമുള്ള കാലയളവിലെ ആറാം യു.ജി.സി ശമ്പള പരിഷ്കരണ കുടിശ്ശിക രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുവായി സർവകലാശാലയ്ക്ക് ₹7.11 കോടി സർക്കാർ അനുവദിച്ചു (2017 ഏപ്രിൽ 06). തുക സർവകലാശാലയ്ക്ക് അനുവദിച്ചെങ്കിലും, അത് സർവകലാശാലയുടെ പദ്ധതിയേതര ഫണ്ടിൽ നിന്ന് സർക്കാർ തിരിച്ചുപിടിച്ചു. കൂടാതെ, നാലാം ഗഡുവായി ₹2.66 കോടി സർക്കാർ അനുവദിച്ചെങ്കിലും (2019 മാർച്ച് 03) ഈ തുക സർവകലാശാലയ്ക്ക് കൈമാറിയില്ല. പകരം നടപ്പ് വർഷത്തെ പദ്ധതിയേതര ബജറ്റ് വിഹിതത്തിൽ നിന്ന് ചെലവുകൾ വഹിക്കാൻ

സർക്കാർ സർവകലാശാലയ്ക്ക് നിർദ്ദേശം നൽകി (2019 ജൂൺ 20). അങ്ങനെ, കുടിശ്ശിക വിതരണത്തിനായി സർവകലാശാല ₹14.14 കോടി വിനിയോഗിച്ചെങ്കിലും കേരള സർക്കാരിൽ നിന്ന് ലഭിച്ചത് ₹4.57 കോടി മാത്രമാണ്. ബാക്കി തുകയായ ₹9.57 കോടി സർവകലാശാലയുടെ പദ്ധതിയേതര ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചത്.

മാനവ വിഭവശേഷി വികസന മന്ത്രാലയം (എം.എച്ച്.ആർ.ഡി) മാർഗ്ഗരേഖകൾ അനുസരിച്ച് (2010 മേയ് 11), ആറാമത് യു.ജി.സി പദ്ധതി വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനായി, സർവകലാശാലകളും കോളേജുകളുടെ മാനേജ്മെന്റുകളും അവരുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, നിയമങ്ങൾ, വ്യവസ്ഥകൾ മുതലായവയിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. കൂടാതെ, അതാതിന്റെ പകർപ്പ് യു.ജി.സിക്കും നൽകണം. കേന്ദ്ര വിഹിതത്തിനായുള്ള അപേക്ഷയോടൊപ്പം പ്രസ്തുത രേഖകളുടെ ഭേദഗതി ചെയ്ത പകർപ്പുകൾ ഉണ്ടായിരിക്കണം. കേരള സർക്കാർ കൈമാറിയ അപേക്ഷകൾക്കൊപ്പം ഭേദഗതി വരുത്തിയ രേഖകളുടെ പകർപ്പുകൾ ഉണ്ടായിരുന്നില്ലാ എന്നതിനാൽ യു.ജി.സി ശമ്പള സ്കെയിലുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഭേദഗതിയുടെ പകർപ്പുകൾ നൽകാൻ എം.എച്ച്.ആർ.ഡി ഓർമ്മക്കുറിപ്പുകൾ നൽകി[15]. എല്ലാ അർത്ഥത്തിലും പൂർണ്ണമായതും 2016 ഡിസംബർ 31–ന് മുൻപ് ലഭിച്ചതുമായ പ്രൊപ്പോസൽ മാത്രമേ പണം തിരിയെ നൽകുന്നതിനായി പരിഗണിക്കൂ എന്ന് 2016 നവംബർ 17–ന്റെ കത്തിലൂടെ എം.എച്ച്.ആർ.ഡി പ്രസ്താവിച്ചു. 2019 ഡിസംബർ 26–ന് മാത്രമാണ് സർവകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത്, അത് 2020 ജനുവരി 25–ന് കേരള സർക്കാരിന് കൈമാറി. പൂർണ്ണമായ പ്രൊപ്പോസലുകൾ കേരള സർക്കാർ നൽകാത്തതിനാൽ എം.എച്ച്.ആർ.ഡി 2018 ജൂലൈ 11–ലെ കത്തിൽ കേന്ദ്ര വിഹിതം അനുവദിക്കുന്നതിനുള്ള പദ്ധതി അവസാനിപ്പിച്ചതായി അറിയിച്ചു.

സർക്കാർ ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുകയും (2021 ഡിസംബർ) കുടിശ്ശികയുടെ രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുവായി അനുവദിച്ച ₹7.11 കോടിയുടെ ഫണ്ട് പദ്ധതിയേതര ഗ്രാന്റിൽ നിന്ന് സർക്കാർ കുറച്ചതായി പ്രസ്താവിക്കുകയും ചെയ്തു. തുടർന്ന് 2018–19 വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് കുടിശ്ശികയുടെ നാലാം ഗഡു നൽകാൻ സർക്കാർ സർവകലാശാലയോട് നിർദേശിക്കുകയും അതിനനുസരിച്ച് ബാക്കി കുടിശ്ശിക സർവകലാശാല നൽകുകയും ചെയ്തു. യു.ജി.സിയിൽ നിന്ന് അർഹമായ ധനസഹായം[16] കേരള സർക്കാറിന് ലഭിക്കാത്തതിനാൽ, കേരള സർക്കാറിൽ നിന്നുള്ള സഹായം സർവകലാശാലയ്ക്കും നഷ്ടപ്പെട്ടു.

---

15 2016 ഫെബ്രുവരി, 2016 ഏപ്രിൽ

16 സർവകലാശാലകളുടെയും സംസ്ഥാനത്തെ കോളേജ് അധ്യാപകരുടെയും ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ യു.ജി.സിയിൽ നിന്ന് ₹798.85 കോടി ലഭിക്കാൻ കേരള സർക്കാരിന് അർഹതയുണ്ടായിരുന്നു. എന്നാൽ, ലഭിച്ചത് ₹537.25 കോടി മാത്രമാണ്, ഇതുവഴി ₹261.59 കോടിയുടെ സഹായം നഷ്ടമായി.

## 2.8. ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്ന് ₹19.09 കോടി പാട്ട വാടക ഈടാക്കാത്തത്

കേരള സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 35–ാമത് ദേശീയ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നതിന് സ്റ്റേഡിയ സമുച്ചയം നിർമ്മിക്കുന്നതിനായി കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കാമ്പസിൽ നിന്ന് ഏകദേശം 37 ഏക്കർ സ്ഥലം അനുവദിക്കാൻ കേരള സർവകലാശാലയുടെ സിൻഡിക്കേറ്റ് സമ്മതിച്ചു (2010 ഫെബ്രുവരി 25). കാര്യവട്ടത്ത് സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഔട്ട്ഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി മെസ്സേഴ്സ് ഐ.എൽ & എഫ്.എസ് ട്രാൻസ്പോർട്ടേഷൻ നെറ്റ് വർക്കിന് വാർഷികവേതന അടിസ്ഥാനത്തിൽ നൽകുന്നതിന് കായിക യുവജനകാര്യ വകുപ്പ് അനുമതി നൽകി (2011 സെപ്റ്റംബർ 26). സർവകലാശാല, ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് (എൻ.ജി.എസ്), കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ്[17], എന്നിവർ തമ്മിൽ 2012 ഏപ്രിൽ 04–ന് ഒരു കൺസഷൻ കരാറിൽ ഏർപ്പെട്ടു. കേരളത്തിൽ നടക്കുന്ന 35–ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിന് രൂപരേഖതയ്യാറാക്കൽ, നിർമ്മാണം, പ്രവർത്തിപ്പിക്കൽ, കൈമാറ്റം (ഡി.ബി.ഒ.ടി) മാതൃകയിൽ പ്രോജക്ട് സൈറ്റിൽ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം വികസിപ്പിക്കാൻ സർവകലാശാല എൻ.ജി.എസിന് അനുമതി നല്കി.

ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 15 വർഷത്തേക്ക് കാര്യവട്ടം കാമ്പസിൽ 37 ഏക്കൽ ഭൂമി നൽകുന്നതിനുള്ള പാട്ടക്കരാർ 2012 ഡിസംബർ 18–ന് സർവകലാശാലയും എൻ.ജി.എസ്സും ഒപ്പു വച്ചു. പാട്ടക്കരാർ വ്യവസ്ഥ (2) പ്രകാരം, എല്ലാ വർഷവും ഡിസംബറിലോ അതിനുമുമ്പോ 37ഏക്കറിന്റെ വിപണി മൂല്യത്തിന്റെ 2.50 ശതമാനത്തിന് തുല്യമായ പാട്ട വാടക മുൻകൂറായി നൽകാമെന്ന് എൻ.ജി.എസ് സമ്മതിച്ചിരുന്നു. ഭൂമിയുടെ വിപണി മൂല്യം വർധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മൂന്നു വർഷത്തിലൊരിക്കൽ ശേഷം പാട്ടവാടക കാലാനുസൃതമായി പരിഷ്കരിക്കണം.

മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം ഭൂമിയുടെ വിപണി മൂല്യം ഒരു ആറിന് ₹2.50 ലക്ഷം നിരക്കിൽ[18] മൊത്തം ഭൂമിയുടെ മൂല്യം ₹37.43 കോടിയായിരുന്നു. പാട്ട വാടക പ്രതിവർഷം ₹94 ലക്ഷമായി നിജപ്പെടുത്തി, 2012–13, 2013–14 വർഷങ്ങളിലെ നികുതി ഉൾപ്പെടെ ₹211.24 ലക്ഷം എൻ.ജി.എസ് മുൻകൂറായി അടച്ചു[19]. 2015 ജനുവരി 31–നും 2015 ഫെബ്രുവരി 14–നും ഇടയിൽ 35–ാം ദേശീയ ഗെയിംസിന് കേരളം ആതിഥേയത്വം വഹിച്ചു. 2014 ഡിസംബറിൽ കുടിശ്ശികയായ 2014–15 ലെ പാട്ട വാടക 18 മാസത്തെ കാലതാമസത്തിന് ശേഷം 2016 ജൂണിൽ ഭാഗികമായി ₹82.57 ലക്ഷം അടച്ചു.

---

17 മുംബൈയിലെ ബാന്ദ്രയിലെ ഐ.എൽ & എഫ്.എസ് ഫിനാൻഷ്യൽ സെന്ററിൽ രജിസ്റ്റേർഡ് ഓഫീസ് ഉള്ള ഒരു കമ്പനി

18 ഒരു ഏക്കർ = 40.4685 ആർ

19 2012 ജൂൺ, 2014 മാർച്ച്

ഇതിൽ ₹10.77 ലക്ഷം സേവന നികുതിയായി അടച്ചു. 2015 ഡിസംബർ മുതൽ പാട്ട വാടക പ്രതിവർഷം ₹3.14 കോടിയായി സർവകലാശാല പുതുക്കി നിശ്ചയിച്ചു. 2014 ഡിസംബറിലെ കുടിശ്ശിക ഉൾപ്പെടെ 2015 ഡിസംബർ മുതൽ 2020 ഡിസംബർ വരെയുള്ള വാടക ₹19.09 കോടിയും[20] ജി.എസ്.റ്റി ₹3.40 കോടിയുമാണ്. എന്നാൽ, 2015 ഡിസംബർ മുതലുള്ള പാട്ട വാടക ലഭിച്ചിട്ടില്ല (2021 സെപ്റ്റംബർ).

സർവകലാശാല എൻ.ജി.എസിനോടും സർക്കാരിനോടും പലതവണ വിഷയം ഉന്നയിച്ചിരുന്നു. എൻ.ജി.എസ് പിരിച്ചുവിടാൻ സർക്കാർ ഉത്തരവിട്ടതായും (2016 സെപ്റ്റംബർ) അതിന്റെ കീഴിലുള്ള എല്ലാ ചുമതലകളും കായിക യുവജനകാര്യ ഡയറക്ടറെ ഏൽപ്പിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. ഇതുപ്രകാരം ₹3.27 കോടി (2015 ഡിസംബർ മുതൽ 2017 നവംബർ വരെയുള്ള കാലയളവിലെ പാട്ട വാടക) നൽകാൻ കായിക യുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദേശം നൽകി (2019 നവംബർ 29). എന്നാൽ, തുക ഇതുവരെയും അടച്ചിട്ടില്ല (2021 സെപ്റ്റംബർ).

കരാർ പ്രകാരം, ഓരോ മൂന്ന് വർഷത്തിലും പാട്ട വാടക പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. അതുപ്രകാരം അത് 2018 ഡിസംബറിൽ പുതുക്കേണ്ടതുമായിരുന്നു. എന്നാൽ, നാളിതുവരെ (2021 സെപ്റ്റംബർ) വാടക പുതുക്കിയിട്ടില്ല.

കരാർ അവസാനിപ്പിക്കുന്നതിനോ / പണമടവിന് കാലതാമസം വന്നാൽ പിഴപ്പലിശ ഈടാക്കുന്നതിനോ വ്യവസ്ഥകൾ കരാറിൽ ഇല്ലാത്തതിനാൽ, ഈ വകയിൽ സർവകലാശാലയുടെ നഷ്ടം തുടരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ വാടക കുടിശ്ശിക അടയ്ക്കാൻ നിരവധി ഓർമ്മക്കുറിപ്പുകൾ എൻ.ജി.എസിലേക്ക് അയച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ). ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ (2021 ഫെബ്രുവരി) സർവകലാശാലയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകാൻ കായിക യുവജനകാര്യ വകുപ്പിന് നിർദേശം നൽകാൻ തീരുമാനിച്ചു. 2018 മുതൽ മുൻകാല പ്രാബല്യത്തോടെ പാട്ട വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാട്ടക്കരാറിൽ പലിശ ഈടാക്കാൻ വ്യവസ്ഥയില്ലെങ്കിലും വാടക കരാർ ആത്യന്തികമായി വാണിജ്യ സ്വഭാവമുള്ളതാണെന്നും അതിനാൽ അത്തരം വ്യവസ്ഥകൾ കരാറുകളിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും കാലതാമസം നേരിട്ട പണമടവുകൾക്ക് വാണിജ്യപരമായ നിരക്കുകൾ ഈടാക്കാമെന്നും പിഴ നിരക്കുകൾ ഈടാക്കാമെന്നും സ്റ്റാന്റിംഗ് കൗൺസൽ അഭിപ്രായപ്പെട്ടു.

നാളിതുവരെ (2021 ഡിസംബർ) പാട്ടവാടക പോലും ഈടാക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി

---

[20] 2014 ഡിസംബറിലെ കുടിശ്ശിക ₹22.20 ലക്ഷം, 2015 ഡിസംബർ മുതൽ 2020 ഡിസംബർ വരെയുള്ള വാടക (പ്രതിവർഷം ₹3,14,45,190 നിരക്കിൽ) ₹18.87 കോടി

ആവശ്യമായ നടപടികൾ ഒരു നിശ്ചിത കാലയളവിനുള്ളിൽ എടുക്കേണ്ടതാണ്.

## 2.9. വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ആയ ₹11.63 കോടി ഈടാക്കാത്തത്

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളും അൺ എയ്ഡഡ് കോളേജുകളും വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് (അടിസ്ഥാന സൗകര്യവികസന പരിപാലന ഫീസ്) മുൻകൂറായി എല്ലാ വർഷവും മാർച്ച് 31–ന് മുൻപ് കേരള യൂണിവേഴ്സിറ്റി ഫണ്ട് അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതുണ്ട്[21]. വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ, ₹11.63 കോടി പിരിച്ചെടുക്കാനുണ്ടെന്ന് (2021 ആഗസ്റ്റ്) കണ്ടെത്തി.

വിവിധ സ്ഥാപനങ്ങൾ നൽകിയ അപ്പീലുകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ തുകയിൽ ₹6.19 കോടി ഫീസ് അടയ്ക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തു. എന്നിരുന്നാലും, എൻജിനീയറിങ്, മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ കോഴ്സുകൾ നൽകുന്ന കോളേജുകളിൽ നിന്ന് ₹4.83 കോടിയും മെഡിക്കൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ മുതലായവയുമായി ബന്ധപ്പെട്ട് ₹0.54 കോടിയും പിരിച്ചെടുക്കാനുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2015–16 മുതൽ എഞ്ചിനീയറിംഗ്, എം.ബി.എ മുതലായ കോഴ്സുകൾ നൽകുന്ന കോളേജുകളുടെ അഫിലിയേഷൻ കേരള സാങ്കേതിക സർവകലാശാലയിലേക്ക് മാറ്റിയതിനാൽ ഈ കോളേജുകളിൽ നിന്ന് പിരിച്ചെടുക്കേണ്ട തുക 2015–19 കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. അതുപോലെ, മെഡിക്കൽ വിദ്യാഭ്യാസം നൽകുന്ന കോളേജുകളുടെ അഫിലിയേഷൻ 2010–11 മുതൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിലേക്ക് (കെ.യു.എച്ച്.എസ്) മാറ്റിയതിനാൽ ഈ കോളേജുകളിൽ നിന്നുള്ള ഫീസ് 2010–15 കാലഘട്ടത്തിലെയാണ്.

2020 ഡിസംബറിൽ ഡോ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതികസർവകലാശാലയിലേയ്ക്ക് മാറ്റപ്പെട്ട കോളേജുകളിൽ നിന്നും വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസിന്റെ ആനുപാതിക തുക ഈടാക്കാൻ അനുമതി നൽകിയെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ആനുപാതിക തുക കണക്കാക്കി വരുന്നു. കെ.യു.എച്ച്.എസ്സിലേക്ക് മാറ്റിയ കോളേജുകളെ സംബന്ധിച്ച്, റവന്യൂ റിക്കവറിയുമായി മുന്നോട്ട് പോകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ട്രെയിനിംഗ് കോളേജുകളെ സംബന്ധിച്ച് ഇടക്കാല ഉത്തരവ് അസാധുവാക്കാൻ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലപ്പെടുത്തിയിരുന്നു.

ഇത്തരം തീരുമാനങ്ങൾ ഉണ്ടായിട്ടും സർവകലാശാലയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം ഇതുവരെയും വീണ്ടെടുക്കാനായിട്ടില്ല.

---

[21] 1977–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച്

## 2.10. സ്വാശ്രയ സ്ഥാപനങ്ങൾ

സർവകലാശാലയിൽ സ്വാശ്രയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ കേരള സർവകലാശാല തീരുമാനിച്ചു (1995 ജനുവരി 20). 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.റ്റി), ഏഴ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (യു.ഐ.എം), 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (കെ.യു.സി.റ്റി.ഇ), ഒരു യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവയും സ്വാശ്രയരീതിയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് സർവകലാശാല ആരംഭിച്ചു. സർവകലാശാലയിൽ സ്വാശ്രയകോഴ്സുകൾ രൂപീകരിക്കുന്ന സമയത്ത്, കോഴ്സുകളുടെ നടത്തിപ്പിനുള്ള ഫണ്ട് വിദ്യാർത്ഥികളിൽ നിന്ന് കണ്ടെത്തണമെന്ന് വിഭാവനം ചെയ്തിരുന്നു. എന്നാൽ, **പട്ടിക 2.4**–ൽ കാണിച്ചിരിക്കുന്നതുപോലെ കെ.യു.സി.റ്റി.ഇകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത് എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

**പട്ടിക 2.4: കെ.യു.സി.റ്റി.ഇകളുടെയും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെയും വരവ്/ ചെലവുകളുടെ വിശദാംശങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | കെ.യു.സി.റ്റി.ഇകൾ | | | യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നഷ്ടം | വരവ് | ചെലവ് | നഷ്ടം |
| 2016–17 | 252.08 | 372.21 | (–)120.13 | 203.26 | 234.46 | (–) 31.20 |
| 2017–18 | 261.98 | 385.47 | (–)123.49 | 261.60 | 227.00 | 34.60 |
| 2018–19 | 284.25 | 438.72 | (–)154.47 | 212.20 | 252.16 | (–) 39.96 |
| 2019–20 | 299.90 | 423.00 | (–)123.10 | 198.62 | 271.75 | (–) 73.13 |
| **ആകെ** | **1098.21** | **1619.40** | **(–)521.19** | **875.68** | **985.37** | **(–) 109.69** |

*(ഉറവിടം: കേരള സർവകലാശാലയുടെ വാർഷിക കണക്കുകൾ)*

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ മൂന്ന് കോഴ്സുകളിലായി ലഭ്യമായ 990 സീറ്റുകളിൽ മെറിറ്റ് ക്വാട്ടയിലെ 495 സീറ്റുകളിൽ 454 എണ്ണം മാത്രമാണ് നികത്തിയതെന്നും ഉയർന്ന ഫീസ് ഈടാക്കുന്ന മാനേജ്മെന്റ് ക്വാട്ടയിൽ 495 സീറ്റുകളിൽ 125 പേർ മാത്രമാണ് ഓഡിറ്റ് കാലയളവിൽ പ്രവേശനം നേടിയതെന്നും ഓഡിറ്റ് കണ്ടെത്തി. ഇത് കോളേജിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. കെ.യു.സി.റ്റി.ഇകളിൽ മുഴുവൻ സീറ്റുകളും നികത്തിയിരുന്നെങ്കിലും അവയും നഷ്ടത്തിലായിരുന്നു. അങ്ങനെ, സ്വയം സൃഷ്ടിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്താൻ ഉദ്ദേശിച്ച കെ.യു.സി.റ്റി.ഇകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും, വാസ്തവത്തിൽ സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയായിരുന്നു. സ്വാശ്രയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 5.1–ൽ പരാമർശിച്ചിട്ടുണ്ട്.

കെ.യു.സി.റ്റി.ഇകളുടെ നഷ്ടം സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും വിഷയത്തെക്കുറിച്ച് പഠിക്കാൻ സബ്

കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും (2021 ജൂൺ 29) സർക്കാർ മറുപടി നൽകി (2021 ഡിസംബർ). സമിതിയുടെ റിപ്പോർട്ട് കാത്തിരിക്കുകയാണെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ ആരംഭിക്കുമെന്നും പ്രസ്താവിച്ചു

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച പരിഹാര നടപടികളെക്കുറിച്ച് മറുപടി മൗനം പാലിക്കുകയാണ്. സമിതി അതിന്റെ റിപ്പോർട്ട് ഇനിയും സമർപ്പിച്ചിട്ടില്ല (2022 മാർച്ച്).

## 2.11. ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കാത്തതും ബാങ്ക്/ട്രഷറി ഇടപാടുകളുടെ റിക്കൺസിലിയേഷൻ നടത്താത്തതും

- കേരളാ ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 5 (1)-ഉം (2)-ഉം പ്രകാരം, നടത്തിയ വിലയിരുത്തലുകളും ഡിമാന്റുകളും തിരിച്ചുപിടിക്കലിന്റെ പുരോഗതിയും സർക്കാരിന് കിട്ടാനുള്ള കുടിശ്ശിക തുകയും കാണിക്കുന്നതിന് ആവർത്തിച്ചുള്ളതോ ആവർത്തിക്കാത്തതോ ആയ എല്ലാ റവന്യൂ ഇനങ്ങളുടെയും ശരിയായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കായി വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസ് സർവകലാശാലയുടെ തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിൽ ഒന്നാണ്. കോളേജുകൾ/ യു.ഐ.ടി/ ട്രെയിനിംഗ് കോളേജുകൾ/ യു.ഐ.എമ്മുകൾ എന്നിവയിൽ നിന്ന് ശേഖരിച്ച പരീക്ഷാ ഫീസിന്റെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി) സ്റ്റേറ്റ്മെന്റ് പരീക്ഷാ വിഭാഗങ്ങൾ സൂക്ഷിക്കേണ്ടതാണ്. പരീക്ഷാ ഫീസിന്റെ കാര്യത്തിൽ പരീക്ഷാ വിഭാഗങ്ങൾ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തത് ശ്രദ്ധയിൽപ്പെട്ടു.

  സ്പെഷ്യൽ ഫീസിന്റെ[22] അക്കൗണ്ടിംഗ് ചുമതലയുള്ള റവന്യൂ ഓഡിറ്റ് വിഭാഗം സ്പെഷ്യൽ ഫീസുകളുടെ ഡിമാൻഡ്, ശേഖരണം എന്നിവയുടെ വിശദാംശങ്ങളടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നു. എന്നാൽ, രജിസ്റ്ററിലെ എൻട്രികൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഒപ്പിടുകയോ ആധികാരികത ഉറപ്പാക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. പിന്നീട് മാറ്റാൻ സാധ്യതയുള്ള പെൻസിൽ ഉപയോഗിച്ചുള്ള നിരവധി എഴുത്തുകളും രജിസ്റ്ററിൽ കണ്ടു.

  ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡി.സി.ബി രജിസ്റ്ററിന് ആധികാരികത നൽകുന്ന രീതി സർവകലാശാല ആരംഭിച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ജോയിന്റ് രജിസ്ട്രാർ (ധനകാര്യം) പ്രതിമാസം/ദ്വൈമാസ അടിസ്ഥാനത്തിൽ രജിസ്റ്റർ പരിശോധിച്ച് മേലൊപ്പചാർത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റുഡന്റ്

[22] മെഡിക്കൽ ഇൻസ്പെക്ഷൻ ഫീസ്, സ്പോർട്സ് അഫിലിയേഷൻ ഫീസ്, സർവകലാശാല യൂണിയൻ ഫീസ്, സ്റ്റുഡന്റ് എയ്ഡ് ഫണ്ട്, സ്റ്റുഡന്റ് കെയർ ഫണ്ട്, വിമൻസ് സ്റ്റഡി യൂണിറ്റ്, സർവകലാശാല അഫിലിയേഷൻ ഫീസ് എന്നിവയെ സ്പെഷ്യൽ ഫീസ് എന്ന് വിളിക്കുന്നു.

ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റത്തിൽ[23], ഡി.സി.ബി സ്റ്റേറ്റ്മെന്റുകൾ ജനറേറ്റുചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തും.

റവന്യൂ കളക്ഷൻ നിരീക്ഷിക്കുന്നതിന് ഒരു ഡി.സി.ബി സ്റ്റേറ്റ്മെന്റ് അത്യാവശ്യമാണ്. ആധികാരികത ഉറപ്പുവരുത്തുന്നതിന്, ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ എൻട്രികൾ ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടത് അത്യാവശ്യമാണ്.

- ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കാലാകാലങ്ങളിൽ തയ്യാറാക്കുന്നത് ഓരോ സ്ഥാപനത്തിന്റെയും ഫിനാൻസ് ആന്റ് അക്കൗണ്ട്സ് വിഭാഗത്തിന്റെ നിർബന്ധിത പ്രവർത്തനമാണ്. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യം സ്ഥാപനത്തിന്റെയും ബാങ്കിന്റെയും അക്കൗണ്ടിംഗ് രേഖകളിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ കണ്ടെത്തുക എന്നതാണ്. എന്നാൽ സർവകലാശാല റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളൊന്നും തയ്യാറാക്കുന്നില്ലെന്ന് ഓഡിറ്റ് കണ്ടു (2020 നവംബർ 24). തുടർന്ന്, സർക്കുലർ പ്രകാരം ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ആഴ്ചതോറും പരിശോധിച്ച് എല്ലാ മാസവും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണെന്ന് സർവകലാശാലയിലെ ബന്ധപ്പെട്ട വിഭാഗങ്ങളോട് ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു (2021 ജനുവരി 11). റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിന് ഫിനാൻസ് ഓഫീസർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2021 സെപ്റ്റംബർ).

  ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന ജോലി അതിന്റെ പ്രാരംഭഘട്ടത്തിലാണെന്നും കോവിഡ് 19 മഹാമാരിയും സർക്കാർ ഏർപ്പെടുത്തിയ അനുബന്ധ ലോക്കഡൗണും മറ്റ് നിയന്ത്രണങ്ങളും കാരണം 2020–21 വർഷത്തിൽ പൂർണ്ണമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). 2021–22 സാമ്പത്തിക വർഷത്തിൽ ഈ പ്രക്രിയ പൂർണ്ണമായും കാര്യക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മഹാമാരി തുടങ്ങുന്നതിന് മുൻപേ തന്നെ നോൺ–റിക്കൺസിലിയേഷൻ ഒരു പ്രശ്നമായിരുന്നുവെന്നതിനാൽ മറുപടി അംഗീകരിക്കാനാവില്ല. ഫണ്ട് മാനേജ്മെന്റിനെ തിരിമറിയുടെയും ദുരുപയോഗത്തിന്റെയും സാധ്യതകൾക്ക് വിധേയമാക്കുന്നത് തടയാനായി യഥാസമയ റിക്കൺസിലിയേഷൻ ഉറപ്പാക്കുന്നതിന്

---

23 ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ഓഫ് സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (എക്സാമിനേഷൻ മാനേജ്മെന്റ് സോഫ്റ്റ് വെയർ) എന്ന ഒരു പ്രോജക്ട്, ₹1.17 കോടി അംഗീകൃത തുകയ്ക്ക് ഒരു കേന്ദ്രസർക്കാർ സ്ഥാപനമായ പാലക്കാട്ടെ ഐ.റ്റി.ഐ ലിമിറ്റഡിന് നൽകി (2020 ഒക്ടോബർ 30). 2022 ജനുവരിയോടെ ഈ സംവിധാനം സെക്യൂരിറ്റി ചെക്കിംഗിനായി സജ്ജമാവും.

അനുയോജ്യമായ ഒരു സംവിധാനം സർവകലാശാല തയ്യാറാക്കേണ്ടതാണ്.

## 2.12. തീർപ്പാക്കാത്ത അഡ്വാൻസുകളുടെ ക്രമീകരണം

- പ്രൊവിഷണൽ അഡ്വാൻസ് ലഭ്യമാക്കിയ സന്ദർഭങ്ങളിൽ അന്തിമ ബിൽ നൽകുന്നതിന് മൂന്ന് മാസത്തെ സമയപരിധി നിശ്ചയിച്ചിരിക്കുന്നു[24]. അല്ലാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക തിരിച്ചുപിടിയ്ക്കുന്ന തീയതി വരെ അഡ്വാൻസ് തുകയ്ക്ക് 18 ശതമാനം പലിശ ഈടാക്കും.

  അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ഇന്റർ കൊളീജിയറ്റ്/ യൂണിവേഴ്സിറ്റി ടൂർണമെന്റുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി വകുപ്പ് മേധാവികൾക്കും ജീവനക്കാർക്കും ലഭ്യമാക്കിയ ₹8.81 കോടി (114 കേസുകൾ) അഡ്വാൻസ്, അന്തിമ ബില്ലുകൾ സമർപ്പിക്കാത്തതിനാൽ ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല എന്ന് നിരീക്ഷിച്ചു. ഈ ₹8.81 കോടിയിൽ ₹1.37 കോടി 10 വർഷത്തിലേറെയായും ₹0.47 കോടി അഞ്ച് വർഷം മുതൽ 10 വർഷത്തിലേറെയായും തീർപ്പാകാതെ അവശേഷിക്കുന്നവയാണ്. അഡ്വാൻസുകൾ തീർപ്പാക്കാത്തതിനാൽ, മുഴുവൻ തുകയും അത് അനുവദിച്ച ആവശ്യത്തിനാണ് വിനിയോഗിച്ചതെന്നും അഡ്വാൻസ് വാങ്ങിയ ഉദ്യോഗസ്ഥൻ തുക ഇപ്പോഴും കൈവശം വച്ചിട്ടില്ലെന്നും ഉറപ്പാക്കാൻ കഴിഞ്ഞില്ല.

- ഓരോ കേന്ദ്രങ്ങളിലെയും ഉപകേന്ദ്രങ്ങളിലെയും പരീക്ഷാ നടത്തിപ്പിന് ആവശ്യമായേക്കാവുന്ന ചെലവുകൾ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുകയും കേന്ദ്രങ്ങൾക്ക് അഡ്വാൻസ് അനുവദിക്കുകയും ചെയ്യുന്നു[25]. കോളേജിന് അഡ്വാൻസ് നൽകുന്നതിനുമുൻപ്, മുൻവർഷങ്ങളിൽ നടത്തിയ പരീക്ഷകൾക്ക് ആ കോളേജിന് നൽകിയ അഡ്വാൻസുകൾ ക്രമപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. ₹6.65 ലക്ഷം അഡ്വാൻസായി ലഭിച്ച (2013–15) ആറ് കോളേജുകൾ തുക തിരിച്ചടച്ചിട്ടില്ലെന്ന് നിരീക്ഷിച്ചു. അഡ്വാൻസ് ലഭിച്ച ആറ് കോളേജുകളിൽ നാല് കോളേജുകൾക്ക് ഒന്നിൽ കൂടുതൽ അഡ്വാൻസ് നൽകിയിരുന്നു. ആറ് കോളേജുകൾക്ക് നൽകിയ എല്ലാ അഡ്വാൻസുകളും അഞ്ച് വർഷത്തിലേറെയായി തീർപ്പാകാതെ നിൽക്കുകയാണ്.

---

[24] സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ.419/11/ധന തീയതി 04 ഒക്ടോബർ 2011 പ്രകാരം

[25] കേരള സർവകലാശാല, പരീക്ഷാ മാനുവൽ, അദ്ധ്യായം V – പരീക്ഷാ നടത്തിപ്പ് (കേരള സർവകലാശാലയുടെ ആദ്യ ഓർഡിനൻസസ് 1978, അദ്ധ്യായം VII) അനുസരിച്ച്.

തീർപ്പാകാത്ത കേസുകളുടെ ക്രമപ്പെടുത്തൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കോളേജുകളിൽ അഫിലിയേഷനായി പരിശോധന നടത്തുന്നതിന് രൂപീകരിച്ച പരിശോധനാ സംഘത്തെ വീഴ്ച വരുത്തിയവരുടെ വിവരങ്ങൾ അറിയിക്കാനും വീഴ്ച വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കലിനായി അദാലത്ത് നടത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചു. ദീർഘകാലമായി അഡ്വാൻസുകൾ തീർപ്പാകാതെയിരിക്കുന്നതിനാൽ, കാലം കഴിയുന്തോറും ക്രമപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടാകുമെന്നിരിക്കെ, ഇക്കാര്യത്തിന് മുൻഗണന നൽകേണ്ടതാണ്.

## 2.13. റിസർച്ച് ഫെലോഷിപ്പും ശമ്പളവും സ്വീകരിച്ചത്

ഫെലോഷിപ്പ് സ്വീകരിക്കുമ്പോൾ ഓരോ ഫെലോയും ഒരു മുഴുവൻ സമയഗവേഷണ പ്രവർത്തകനായിരിക്കണം. പ്രതിഫലം ലഭിക്കുന്ന മറ്റ് ജോലികൾ സ്വീകരിക്കാൻ പാടില്ല[26]. സംസ്ഥാന സർക്കാരിൽ[27], നിന്ന് ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നവർക്ക്, ഗവേഷകന്റെ പ്രതിമാസ ഹാജരും ഗവേഷണ പ്രവർത്തനങ്ങളും ബന്ധപ്പെട്ട ഗൈഡ്/ എച്ച്.ഒ.ഡി പരിശോധിച്ചുറപ്പിക്കേണ്ടതാണ്. റിസർച്ച് സ്കോളർ ഫെലോഷിപ്പിന് യോഗ്യനാണെന്ന് അവർ നിർണ്ണയിക്കുകയാണെങ്കിൽ, സ്ഥാപന തലത്തിൽ ഫെലോഷിപ്പിനായി ഓൺലൈനായി പ്രതിമാസ ക്ലെയിം ജനറേറ്റ് ചെയ്യുകയും തുക നൽകാനുള്ള ശിപാർശ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസിലേക്ക്[28] അയയ്ക്കുകയും ചെയ്യുന്നതാണ്.

2016 ഒക്ടോബർ മുതൽ ഭാഷാശാസ്ത്ര വിഭാഗത്തിന് കീഴിൽ പി.എച്ച്.ഡി ഗവേഷണം നടത്തുന്ന ഒരു മുഴുവൻ സമയ ഗവേഷകൻ 2020 സെപ്റ്റംബർ വരെ കേരള സർക്കാരിൽ നിന്ന് ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ആയി ₹10.72 ലക്ഷം വാങ്ങിയിട്ടുണ്ട്. ഫെലോഷിപ്പ് വാങ്ങിയിരുന്നപ്പോൾ തന്നെ 2018 ജൂലൈ മുതൽ 2019 സെപ്റ്റംബർ വരെ[29] കരാർ അടിസ്ഥാനത്തിൽ യു.ഐ.റ്റികളിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലെ ലക്ചററായി പ്രവർത്തിക്കുകയും 2018 ജൂലൈ മുതൽ 2019 മാർച്ച് വരെ ശമ്പളമായി ₹1.91 ലക്ഷം വാങ്ങുകയും ചെയ്തതായി ഓഡിറ്റ് കണ്ടെത്തി. 2018 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഭാഷാശാസ്ത്ര വിഭാഗത്തിലും യു.ഐ.റ്റികളിലും ആദ്ദേഹത്തിന് പൂർണ്ണ ഹാജർ ഉണ്ടായിരുന്നു. 2017 ജനുവരി

---

26 കേരള സർവകലാശാലയുടെ ഫസ്റ്റ് ഓർഡിനൻസസ്, 1978–ന്റെ അദ്ധ്യായം 12, ക്രമ നമ്പർ 17

27 യു.ജി.സി/ഗേറ്റ് യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് യു.ജി.സിയിൽ നിന്ന് ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കും. യു.ജി.സി/ഗേറ്റ് പാസായിട്ടില്ലെങ്കിലും സർവകലാശാലയിൽ പി.എച്ച്.ഡിക്ക് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി (എസ്.സി)/പട്ടികവർഗം (എസ്.റ്റി) മറ്റ് യോഗ്യതയുള്ള സമുദായങ്ങളിൽ (ഒ.ഇ.സി) പെടുന്ന വിദ്യാർത്ഥികൾക്ക് കേരള സർക്കാരിൽ നിന്നും യു.ജി.സിയിൽ നിലവിലുള്ള നിരക്കിന്റെ 75 ശതമാനം കണ്ടിജന്റ് ഗ്രാന്റും ഫെലോഷിപ്പും ലഭിക്കും.

28 എസ്.സി വികസനവകുപ്പാണ് ഒഇസി പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സഹായത്തിന്റെ നടപ്പാക്കൽ ഏജൻസി.

29 2018 ജൂലൈ 04 മുതൽ 2019 ജൂൺ 28 വരെ മലയിൻകീഴ് യു.ഐ.റ്റിയിലും 2019 ജൂലൈ 02 മുതൽ 2019 സെപ്റ്റംബർ 05 വരെ മുതുകുളം യു.ഐ.റ്റിയിലും.

മുതൽ 2017 ആഗസ്റ്റ് വരെയും 2018 ഒക്ടോബറിന് ശേഷവും അദ്ദേഹം ഭാഷാശാസ്ത്ര വിഭാഗത്തിൽ ഹാജരായിരുന്നില്ല എന്നും കണ്ടെത്തി. 2019 ജനുവരി മുതൽ ഭാഷാശാസ്ത്ര വിഭാഗത്തിന്റെ ഹാജർ രജിസ്റ്ററിൽ നിന്ന് അദ്ദേഹത്തിന്റെ പേര് നീക്കം ചെയ്തു, എന്നാൽ 2020 സെപ്റ്റംബർ വരെ ഗ്രാന്റ് സ്വീകരിക്കുന്നത് തുടർന്നു. ഭാഷാശാസ്ത്ര വിഭാഗത്തിൽ ഇല്ലാതിരുന്ന സമയത്ത് അദ്ദേഹം ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും കൈപ്പറ്റിയിരുന്നു. വിശദാംശങ്ങൾ **പട്ടിക 2.5**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.5: ഹാജർ ഇല്ലാതിരുന്ന സമയത്ത് ഗവേഷകൻ വാങ്ങിയ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും**

| ഹാജറിന്റെ വിവരങ്ങൾ | കാലാവധി | തുക (₹–ൽ) |
|---|---|---|
| ഭാഷാശാസ്ത്ര വിഭാഗത്തിലും യു.ഐ.റ്റികളിലും ഹാജരായിരുന്നത് | 2018 ജൂലൈ മുതൽ സെപ്റ്റംബർ വരെ (മൂന്ന് മാസം) | 57,630 |
| ഭാഷാശാസ്ത്ര വിഭാഗത്തിൽ ഇല്ലാതിരുന്ന സമയത്ത് | 2017 ജനുവരി മുതൽ ആഗസ്റ്റ് വരെ (എട്ട് മാസം), 2018 ഒക്ടോബർ മുതൽ ഡിസംബർ വരെ (മൂന്ന് മാസം) | 2,16,675 |
| ഭാഷാശാസ്ത്ര വിഭാഗത്തിൽ നിന്ന് പേര് നീക്കം ചെയ്തതിന് ശേഷം | 2019 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെ (21 മാസം) | 5,41,750 |
| **ആകെ** | | **8,16,055** |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഡേറ്റ)*

ഔപചാരികമായ കരാറിൽ ഏർപ്പെടാതെ കരാർ അടിസ്ഥാനത്തിൽ യു.ഐ.റ്റികളിൽ കമ്പ്യൂട്ടർ സയൻസ് ലക്ചററായി സർവകലാശാല ഗവേഷകനെ നിയമിച്ചതും ശ്രദ്ധയിൽപ്പെട്ടു.

പ്രിൻസിപ്പൽ/ വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ച നിരവധി പരാതികളുടെ അടിസ്ഥാനത്തിൽ സർവകലാശാലയുമായി ഔപചാരിക കരാറിൽ ഏർപ്പെട്ടിട്ടില്ലെന്ന് സർവകലാശാല (2021 സെപ്റ്റംബർ) മറുപടി നൽകി. ഔപചാരിക കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ നിയമനത്തിന് സാധുതയുള്ളൂ എന്നതിനാൽ ഇത് അംഗീകരിക്കാനാവില്ല. അതിനാൽ ഔപചാരികമായി കരാറിൽ ഏർപ്പെടാതെ കരാർ ജീവനക്കാരന് ₹1.91 ലക്ഷം ശമ്പളം നൽകിയത് ക്രമവിരുദ്ധമാണ്.

ക്രിമിനൽ കുറ്റവുമായി ബന്ധപ്പെട്ട് ഗവേഷകൻ ജയിലിൽ ആണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). അതിനാൽ ഗവേഷകനിൽ നിന്ന് വിശദീകരണം ശേഖരിക്കാൻ വകുപ്പിന് കഴിഞ്ഞില്ല. എന്നിരുന്നാലും, ഫെലോഷിപ്പായി ഗവേഷകൻ കൈപറ്റിയ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ഗവേഷണ ഗ്രാന്റ് ലഭിക്കുന്നവരുമായി സ്ഥാപനങ്ങളുടെ റോളിലുള്ള വ്യക്തികളെ താരതമ്യം ചെയ്ത് പരിശോധിക്കാനുള്ള സംവിധാനം സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പോലും നിലവിലില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർവകലാശാലയുടെ ഭരണത്തിനു കീഴിലുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്ന് ഒരേ സമയം ഔദ്യോഗികമായി പ്രതിഫലം വാങ്ങിയതും പ്രവർത്തിക്കാത്ത കാലയളവുകളിൽ പ്രതിഫലം വാങ്ങുന്നതും സർവകലാശാലയ്ക്കുള്ളിൽ പോലും മതിയായ ആഭ്യന്തര നിയന്ത്രണ സംവിധാനമില്ലെന്ന് സൂചിപ്പിക്കുന്നു.

## 2.14. സർവകലാശാല പ്രോവിഡന്റ് ഫണ്ട്

2010 മാർച്ച് 31–ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിന്റെ ഖണ്ഡിക 1.2.7.6 ആയി സർവകലാശാലയുടെ പ്രോവിഡന്റ് ഫണ്ട് (പി.എഫ്) അക്കൗണ്ടിലെ കമ്മി ഇതിനകം ഇടം പിടിച്ചിട്ടുണ്ട്. 1990–95 കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കിഴിവ് ചെയ്ത പ്രോവിഡന്റ് ഫണ്ട് തുക സർവകലാശാല ബാങ്ക് അക്കൗണ്ടിൽ ഒടുക്കാതെ (അതിശക്തമായ സാമ്പത്തിക ഞെരുക്കം കാരണം) സർവകലാശാലയുടെ ചെലവുകൾക്കായി വിനിയോഗിച്ചതിനാൽ ₹30.03 കോടിയുടെ കമ്മി ഉണ്ടായി (2010 ഒക്ടോബർ). രേഖകൾ അനുസരിച്ച് 2021 മാർച്ച് 31–ലെ പി.എഫ് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹81.02 കോടിയായിരുന്നു. അതേ സമയം പി.എഫ് തുക നിക്ഷേപിക്കുന്നതിനായി തുറന്ന ട്രഷറി അക്കൗണ്ടിലും ബാങ്ക് അക്കൗണ്ടിലും ഇത് ₹73.79 കോടിയായിരുന്നത് ₹7.23 കോടിയുടെ കമ്മിയ്ക്കും കാരണമാക്കി.

2010 മാർച്ച് 31–ൽ അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ കേരള സർവകലാശാലയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചർച്ച ചെയ്യവേ, പ്രോവിഡന്റ് ഫണ്ടിലേക്ക് കുടിശ്ശിക എത്രയും വേഗം അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പി.എ.സി സർവകലാശാല അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ₹7.23 കോടിയുടെ കമ്മി ഇപ്പോഴും അവശേഷിക്കുന്നു.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് ട്രഷറിയിലെ സർവകലാശാലയുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലെ ₹7.23 കോടിയുടെ കമ്മി ക്രമപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സർവകലാശാല സ്വീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

## 2.15. മലയാളം ശബ്ദകോശം പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിഫലമായ ചെലവ്

1953 ജൂലൈയിൽ തിരുവിതാംകൂർ–കൊച്ചി സർക്കാരിന്റെയും (അത് മലബാർ പ്രദേശത്തിന്റെ സംയോജനത്തോടെ 1956–ൽ കേരള സർക്കാരായി മാറി) തിരുവിതാംകൂർ സർവകലാശാലയുടെയും (ഇപ്പോൾ

കേരള സർവകലാശാല) കീഴിലാണ് മലയാളം ശബ്ദകോശത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. 1965-ൽ ആദ്യ വാല്യം പ്രസിദ്ധീകരിച്ചു. പിന്നീട് എട്ട് വാല്യങ്ങൾ[30] കൂടി പ്രസിദ്ധീകരിച്ചു.

2016-ൽ പ്രസിദ്ധീകരിച്ച മലയാളം ശബ്ദകോശം വാല്യം IX-ലെ തെറ്റുകൾ സംബന്ധിച്ച പരാതികൾ കണക്കിലെടുത്ത്, 2017 ഏപ്രിൽ 22-ന് ഇതിന്റെ വിൽപന നിർത്തിവയ്ക്കാൻ വൈസ് ചാൻസലർ ഉത്തരവിട്ടു. ശബ്ദകോശത്തിലെ പിഴവുകൾ പരിശോധിക്കാൻ രൂപീകരിച്ച കമ്മിറ്റി (2017 ജൂൺ) പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് കണ്ടെത്തി. അപാകതകൾക്ക് കാരണം സ്ഥിരം എഡിറ്ററുടെ അഭാവവും ശബ്ദകോശം തയ്യാറാക്കുന്നതിനുള്ള മാനുവൽ ഉണ്ടാക്കാത്തതുമാണ് എന്ന് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

ശബ്ദകോശം തയ്യാറാക്കുന്നതിനുള്ള ഒരു മാനുവലും ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നും (2021 ആഗസ്റ്റ്) എഡിറ്റർ-ഇൻ-ചീഫ്/ ഡയറക്ടറായി നിയമിക്കപ്പെട്ട (2021 ആഗസ്റ്റ് 13) വ്യക്തി വൈദഗ്ധ്യം നേടിയിരിക്കുന്നത് മലയാളത്തിലല്ലെന്നും വേറൊരു വിഷയത്തിൽ (സംസ്കൃതം) ആണെന്നും ശ്രദ്ധയിൽപ്പെട്ടു.

2021 നവംബർ 16-ന് ഒരു പുതിയ ഉപദേശക സമിതി രൂപീകരിച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). മാനുവൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സമിതി അംഗങ്ങളുമായി കൂടിയാലോചിച്ച് അതിന് അന്തിമരൂപം നൽകും. അതിനിടയിൽ, ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങളുടെ മൂല്യവർദ്ധനയ്ക്കായി, ഭാഷാശാസ്ത്രത്തിലും ശബ്ദകോശവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലും അനുഭവസമ്പത്തിനൊപ്പം ബഹുഭാഷാ വൈദഗ്ധ്യവും ഉള്ള ഒരു പ്രൊഫസറുടെ സേവനവും സർവകലാശാല പ്രയോജനപ്പെടുത്തുന്നു.

ശബ്ദകോശം വാല്യം VIII പ്രസിദ്ധീകരിച്ച് (2009) 12 വർഷം പിന്നിട്ടെങ്കിലും, അടുത്ത വാല്യം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. അടുത്ത വാല്യം പുറത്തിറക്കുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിനെ കുറിച്ച് സർക്കാരിന്റെ മറുപടി മൗനം പാലിക്കുന്നു.

## 2.16. തമിഴ് – മലയാളം നിഘണ്ടു തയ്യാറാക്കൽ

തമിഴ്-മലയാളം നിഘണ്ടു പ്രസിദ്ധീകരിക്കുന്നതിനായി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാവുന്ന, ₹11.46 ലക്ഷത്തിന്റെ ഒരു വിശദമായ പ്രോജക്ട് നിർദ്ദേശം (2015 ഏപ്രിൽ) തമിഴ് വിഭാഗത്തിന്റെ മേധാവിയായ അസിസ്റ്റന്റ് പ്രൊഫസർ അയച്ചിരുന്നു. 2015 മേയ് 18-ന് നടന്ന യോഗത്തിൽ സിൻഡിക്കേറ്റിന്റെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുമ്പാകെ ഈ നിർദ്ദേശം വെച്ചു. സമിതി, പദ്ധതിയുടെ സാമ്പത്തിക ബാധ്യത ₹10 ലക്ഷമായിരിക്കുമെന്ന് വിലയിരുത്തുകയും ₹ നാല് ലക്ഷം

[30] 1970-ൽ വാല്യം II, 1976-ൽ വാല്യം III, 1984-ൽ വാല്യം IV, 1985-ൽ വാല്യം V, 1988-ൽ വാല്യം VI, 1997-ൽ വാല്യം VII, 2009-ൽ വാല്യം VIII, 2016-ൽ വാല്യം IX.

അനുവദിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു. തുടർന്ന് ₹ നാല് ലക്ഷം[31] കൂടി അധിക തുകയായി അനുവദിച്ചു.

2019–20 വർഷത്തിൽ, തമിഴ്–മലയാളം നിഘണ്ടു പൂർത്തിയാക്കുന്നതിന് തമിഴ് വിഭാഗം തലവൻ ₹ നാല് ലക്ഷത്തിന്റെ നിർദ്ദേശം സമർപ്പിച്ചു. പ്രോജക്റ്റ് വിലയിരുത്തുന്നതിന് രണ്ട് വിദഗ്ധരെ (തമിഴ്, മലയാളം എന്നിവയിൽ നിന്ന് ഒരാൾ വീതം) ഏർപ്പെടുത്താൻ വൈസ് ചാൻസലറെ അധികാരപ്പെടുത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചു (2019 മേയ് 25). കമ്മിറ്റി പദ്ധതി വിലയിരുത്തുകയും (2020 ആഗസ്റ്റ് 13) പദ്ധതി തൃപ്തികരമായി പുരോഗമിക്കുകയാണെന്നും പൂർത്തിയാകുമ്പോൾ മലയാള ഭാഷയ്ക്ക് വലിയ നേട്ടമാകുമെന്നും അഭിപ്രായപ്പെട്ടു. അതിനുശേഷം തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും പദ്ധതി സ്തംഭനാവസ്ഥയിലാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു (2021 ആഗസ്റ്റ്).

തമിഴ്–മലയാളം നിഘണ്ടു പൂർത്തിയാക്കുന്നതിനായുള്ള ₹ നാല് ലക്ഷത്തിന്റെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ അക്കാദമികവും ഗവേഷണവും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വെച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന സമയക്രമം അല്ലെങ്കിൽ ഈ പ്രോജക്റ്റ് എത്രയും വേഗം പൂർത്തിയാക്കി നിഘണ്ടുവോ അല്ലെങ്കിൽ വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും ഉപയോഗിക്കുന്നതിന് സോഫ്റ്റ് കോപ്പി രൂപത്തിലുള്ള ഒരു പതിപ്പോ ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പദ്ധതി തുടങ്ങിയവ സർക്കാരിന്റെ മറുപടിയിൽ വ്യക്തമാക്കുന്നില്ല. അങ്ങനെ രണ്ടു വർഷങ്ങൾകൊണ്ട് പൂർത്തിയാകേണ്ടിയിരുന്ന ഒരു പദ്ധതി ആറു വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാകാതെ അവശേഷിക്കുന്നു.

## 2.17. ഉപസംഹാരം

1937–ൽ നിലവിൽ വന്ന കേരള സർവകലാശാലയ്ക്ക്, പ്രവർത്തന പുരോഗതി കൃത്യമായി നിരീക്ഷിക്കാൻ കഴിയും വിധം അക്കാദമിക് പാഠ്യപദ്ധതി, ഗവേഷണം, മാനവവിഭവശേഷി, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളുടെ വികസനം വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ രൂപീകരിക്കാനായിട്ടില്ല. അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ ആസൂത്രണവും സംയോജിത വികസനവും ഉറപ്പാക്കേണ്ട കോളേജ് ഡെവലപ്മെന്റ് കൗൺസിൽ വേണ്ട വിധത്തിൽ രൂപീകരിക്കാത്തതിനാൽ ഫലപ്രദമായില്ല. യു.ജി.സി നിർദ്ദേശിച്ച സമയക്രമമനുസരിച്ച് പാഠ്യപദ്ധതി പരിഷ്ക്കരണങ്ങൾ പൂർത്തിയാക്കാനായില്ല. അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിർദ്ദിഷ്ടപരിശോധനകൾ ഉറപ്പാക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞില്ല.

[31] 2016 സെപ്റ്റംബറിൽ ₹ രണ്ട് ലക്ഷവും 2017 ജനുവരിയിലും 2017 സെപ്റ്റംബറിലുമായി ₹ ഒരു ലക്ഷം വീതവും.

ഭാവിയിൽ ഫണ്ട് നഷ്ടമാകാതിരിക്കാൻ വികസന ആവശ്യങ്ങൾക്കായി യു.ജി.സി അനുവദിച്ച ഫണ്ട് പൂർണ്ണവും ഫലപ്രദവുമായി വിനിയോഗിക്കാൻ പി.എ.സി ശിപാർശ ചെയ്തിട്ടും, യു.ജി.സി നൽകുന്ന പൊതുവികസന സഹായഫണ്ട് പരമാവധി വിനിയോഗിക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതോടെ സഹായം നഷ്ടമായി. ഫണ്ടുകൾ മികച്ച പലിശ വരുമാനം നേടുന്നുണ്ടോയെന്ന് സർവകലാശാല അവലോകനം ചെയ്തില്ല. ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം, ശമ്പള പരിഷ്കരണ കുടിശ്ശികയായി ഭാരത സർക്കാറിൽ നിന്നും ₹9.57 കോടി നഷ്ടപ്പെടുന്നതിന് കാരണമായി. സ്റ്റേഡിയം നിർമ്മാണത്തിന് നൽകിയ ഭൂമിയുടെ പേരിൽ ലഭിക്കേണ്ട പാട്ടവാടക കുടിശ്ശികയാണ്. സർവകലാശാലയ്ക്ക് കീഴിലെ സ്വയം സൃഷ്ടിക്കുന്ന വരുമാനത്തിൽ പ്രവർത്തിക്കേണ്ട സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജും കെ.യു.സി.റ്റി.ഇകളും തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സർവകലാശാല ഡിമാൻഡ്, കളക്ഷൻ ബാലൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. മുൻകൂറായി നൽകിയ തുക സർവകലാശാല ജീവനക്കാരിൽ നിന്നും കോളേജുകളിലെ പ്രിൻസിപ്പൽമാരിൽ നിന്നും വീണ്ടെടുത്ത് തീർപ്പാക്കിയിട്ടില്ല. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് കുടിശ്ശിക എത്രയും വേഗം അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർവകലാശാല അധികാരികളോട് പി.എ.സി നിർദ്ദേശിച്ചിട്ടും സർവകലാശാല പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ₹7.23 കോടിയുടെ കമ്മി ഉണ്ടായിരുന്നു.

## 2.18. ശിപാർശകൾ

- **അക്കാദമിക് പാഠ്യപദ്ധതി, അധ്യാപന രീതികൾ, മാനവവിഭവശേഷി, ഗവേഷണവും നവീകരണവും വിപുലീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ (ഫിസിക്കലും ഡിജിറ്റലും) എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിൽ വിഭാവനം ചെയ്തിട്ടുള്ള വികസനങ്ങൾ വിവരിക്കുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പുരോഗതി സർവകലാശാല കാലാകാലങ്ങളിൽ നിരീക്ഷിക്കേണ്ടതാണ്.**

*(ഖണ്ഡിക 2.1)*

- **ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ, സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നേടിയെടുക്കാനും ഈ സ്ഥാപനങ്ങൾ ഒരു നിശ്ചിത ഗുണനിലവാരം നിലനിർത്തുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ടി നിലവിലുള്ള പോരായ്മകൾ മറികടക്കാൻ വേണ്ട സാധ്യമായ എല്ലാ പരിഹാര നടപടികളെടുക്കാനും സർവകലാശാല ലക്ഷ്യം വയ്ക്കേണ്ടതാണ്.**

*(ഖണ്ഡിക 2.3)*

- കോഴ്സ് ഉള്ളടക്കത്തിന്റെ ഉന്നതനിലവാരവും പ്രസക്തിയും ഉറപ്പാക്കുന്നതിന് യു.ജി.സി നിർദ്ദേശിച്ച നിശ്ചിത സമയപരിധിയ്ക്കുള്ളിൽ കോഴ്സുകളുടെ സിലബസ് പരിഷ്കരിച്ചിട്ടുണ്ടെന്നും ബോർഡ്സ് ഓഫ് സ്റ്റഡി രൂപീകരിക്കുന്ന നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ചാണെന്നും സർവകലാശാല ഉറപ്പാക്കേണ്ടതാണ്.

*(ഖണ്ഡിക 2.3)*

- പ്രശ്നസാധ്യതാ വിശകലനത്തെ അടിസ്ഥാനമാക്കി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തേണ്ടതും നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിയ്ക്കുന്ന പ്രശ്നമേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് നിർദ്ദിഷ്ട മാതൃകകളിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

*(ഖണ്ഡിക 2.4)*

- പൊതുവികസന ധനസഹായവും (ജി.ഡി.എ ഗ്രാന്റ്) മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടും വിനിയോഗിച്ച് ഏറ്റെടുത്ത പ്രവൃത്തികൾ കാലതാമസമില്ലാതെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ സർവകലാശാല ഫലപ്രദമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി പരമാവധി വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പ്രയോജനം ലഭ്യമാക്കേണ്ടതാണ്.

*(ഖണ്ഡിക 2.5)*

- പലിശവരുമാനം വർദ്ധിപ്പിക്കുന്നതിന് ഫണ്ടുകൾ നിക്ഷേപിക്കുമ്പോൾ സർവകലാശാല വിവേകപൂർണമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

*(ഖണ്ഡിക 2.6)*

- (എ) ദീർഘകാലമായി തീർപ്പാക്കാത്ത അഡ്വാൻസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നുവെന്നും (ബി) ഭാവിയിൽ അഡ്വാൻസുകൾ നൽകുന്നുണ്ടെങ്കിൽ അവ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നുവെന്നും ഉറപ്പാക്കാൻ സർവകലാശാല നടപടികൾ കൈക്കൊള്ളേണ്ടതാണ്.

*(ഖണ്ഡിക 2.12)*

- ഫെലോഷിപ്പ് ഗ്രാന്റ് ലഭിക്കുന്ന മുഴുവൻ സമയ ഗവേഷകർ പ്രതിഫലം ലഭിക്കുന്ന മറ്റ് ജോലികൾ ഏറ്റെടുക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

*(ഖണ്ഡിക 2.13)*